# മരിയദൂത്

A Schoenstatt Movement Publication







# ഡീക്കൻ ആൽവിൻ ഞെഴുങ്ങന്റെ തിരുപ്പട്ട സ്വീകരണത്തിൽ നിന്ന്







# മരിയദൂത്

**ഒരു ഷേൺസ്റ്റാട്ട് ത്രൈമാസിക**

**2020 മെയ് – ജൂൺ – ജൂലൈ**



രക്ഷാധികാരി
**വെ. റവ. ഫാ. ജോയ് മടത്തുംപിടി** ISch

ചീഫ് എഡിറ്റർ
**ഫാ. ജോസ് പീറ്റർ അരഞ്ഞാണിയിൽ** ISch
Mob: 9400417552

എഡിറ്റർ
**ഫാ. ഷാജൻ മാണിക്യത്താൻ** ISch

സർക്കുലേഷൻ മാനേജർ
**ഫാ. ബിനോയ് പാണേൽ** ISch

എഡിറ്റോറിയൽ ബോർഡ്
**റവ. ഡോ. ജോയ് പുതുശ്ശേരി** ISch
**ഫാ. ജിജു കിലുക്കൻ** ISch
**ഫാ. ബിജോയ് കൊട്ടേക്കുടിയിൽ** ISch
**ഫാ. പ്രവീൺ വാത്തേലിൽ** ISch





Cover Design
**Schoenstatt Media**

# താളുകളിലൂടെ......

**ലേഖനങ്ങൾ**


തിരുഹൃദയം പങ്കുവെയ്ക്കുന്ന വിദ്യാഭ്യാസ ശൈലി - **മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത്**

സ്വയം പരിശീലനം കാലഘട്ടത്തിന്റെ ആവശ്യം - **ഡോ. ഹെർബർട്ട് കിംഗ് ISch**

വിശ്വാസ പരിശീലനം - **ഡോ. കൊച്ചുറാണി ജോസഫ്**

മാനവികതയിലേയ്ക്ക് ഒരു ചുവട് - **ഫാ. തേജസ് പീടികത്തുടിയിൽ ISch**

അറിവും തിരിച്ചറിവും - **സുനീഷ**

നൈസർഗ്ഗീക ജീവിതരീതി - **ഫാ. സഹായകുമാർ ISch**

ഹൃദയം ഹൃദയത്തോട് മന്ത്രിക്കുമ്പോൾ - **സി. സന്ദീപ SIC**

പ്രവാചക ചരിത്രം - **ഡോ. ജോയ് പുതുശ്ശേരി ISch**

ചിരിക്കാൻ ചിന്തിക്കാൻ - **ജെ.കെ.**

ബാലദൂത് - **ദോസ്ത്**

ഹൃദയമൊഴി - **ഡോ. ജോയ് പുതുശ്ശേരി ISch**

വാർത്താജാലകം

എഡിറ്റോറിയൽ

# നേടാൻ ഒരു കാലം

**ഷേ**ൺസ്റ്റാട്ട് വൈദീക സമൂഹത്തിന്റെ സ്ഥാപക പിതാവായ ദൈവദാസൻ ഫാ. ജോസഫ് കെന്റണിക്ക് 1912 ൽ യുവജനങ്ങൾക്ക് നൽകിയ സന്ദേശത്തിലെ രണ്ട് കാര്യങ്ങൾ കാലിക പ്രാധാന്യത്തോടെ ഇന്നും നിലകൊള്ളുന്നു. കെന്റണിക്കച്ചൻ പറയുന്ന ഒന്നാമത്തെ കാര്യം, നാം ഭൗതീക നേട്ടങ്ങളുടെ അടിമകളാകരുത്; ഉടമകൾ ആയിരിക്കണം എന്നാണ്. പകർച്ചവ്യാധിമൂലം വിദ്യാഭ്യാസസ്ഥാപനങ്ങൾ പലതും ഇനിയും തുറന്നിട്ടില്ല. എങ്കിലും ഗവൺമെന്റും വിദ്യാപീഠങ്ങളുമെല്ലാം ആധുനിക രീതിയിലുള്ള വിദ്യാഭ്യാസരീതികളെ താല്കാലികമായെങ്കിലും സ്വീകരിച്ചു തുടങ്ങിയിരിക്കുന്നു. വിദ്യാർത്ഥികളിൽ നിന്നും അകലം പാലിക്കണമെന്ന് നിർദ്ദേശിച്ചിരുന്ന ടിവിയും മൊബൈൽ ഫോണുകളും ഇന്ന് വിജ്ഞാന സംപ്രേഷണ ഉപാധികളായി മാറിയിരിക്കുന്നു. ഈ ശാസ്ത്രീയ പുരോഗതികൾ നമ്മെ മുന്നോട്ട് നയിക്കട്ടെ. അവയെല്ലാം നമ്മുടെ വളർച്ചയ്ക്കായി നിലകൊള്ളട്ടെ, നമ്മെ തളർത്താതിരിക്കട്ടെ !

കെന്റണിക്കച്ചൻ പറയുന്ന രണ്ടാമത്തെ കാര്യം മേൽ പറയുന്നതിന്റെ തുടർച്ച തന്നെയാണ്. എനിക്ക് ചുറ്റുമുള്ള ഭൗതീക ലോകത്തെ ഉഴുതുമറച്ച് ഏറെ പഠനങ്ങൾ നടത്തുകയും ശാസ്ത്രീയ പുരോഗതിയിലേക്കുള്ള വളർച്ചയ്ക്ക് അവ കാരണമാവുകയും ചെയ്തിട്ടുണ്ട് എന്നത് ശരി തന്നെ. എന്നാൽ ഭൗതീകമായ അറിവിന്റെയും കണ്ടുപിടുത്തങ്ങളുടെയും പാരമ്യത്തിൽ എത്തിയാലും ഒരുവന്റെ ഉള്ളിൽ രൂപപ്പെടുന്ന ശൂന്യതാബോധത്തെ മറികടക്കുവാൻ നമ്മുടെ ഭൗതീക പഠനങ്ങൾകൊണ്ട് സാധ്യമാവുകയില്ല. ഏതു പണ്ഡിതന്റെയും ഉള്ളിൽ രൂപപ്പെട്ടേയ്ക്കാവുന്ന ശൂന്യതാബോധത്തെ മറികടക്കുവാനുള്ള ഉപാധി ഒരുവന്റെ തന്നെ ആന്തരീക ലോകത്തിലേക്കുള്ള എത്തിനോട്ടമാണ്. (the microcosm, the world in miniature, our own interior world) നമ്മുടെ ഭൗതീക മണ്ഡലത്തെ വികസിപ്പിക്കുവാൻ നമുക്ക് സാധിക്കുന്നു; നമ്മുടെ സിദ്ധികളെ നാം പരിപോഷിപ്പിക്കുന്നു; എന്നാൽ ഏറ്റവും അക്ഷയവും ആന്തരീകവുമായ നമ്മുടെ സ്വാഭാവിക ചേതനയെ വളർത്തിയെടുക്കാൻ നാം ശ്രമിക്കുന്നില്ലെങ്കിൽ, ശൂന്യവും ശുഷ്ക്കവുമായ കാലഘട്ടത്തിലേയ്ക്കുള്ള കൂപ്പുകുത്തലായിരിക്കും സംഭവിക്കുക.

**ജോസച്ചൻ**







# തിരുഹൃദയം പങ്കുവെയ്ക്കുന്ന വിദ്യാഭ്യാസ ശൈലി

മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത്

വളരെ അസ്വസ്ഥാജനകമായ ലോക അന്തരീക്ഷത്തിൽ വിദ്യാഭ്യാസവർഷം വീണ്ടും ആരംഭിക്കുകയാണ്. സ്കൂളുകൾ കുട്ടികളെ പിരിഞ്ഞിരുന്നിട്ട് മൂന്നു മാസത്തോളമായി. കോളേജിലെ വരാന്തകൾ ചെറുപ്പക്കാരുടെ കാല്പാദങ്ങൾക്കുവേണ്ടി കാത്തിരിക്കുന്നു. മുറ്റത്തെ മാവുകളും, അതിലെ കാക്ക കൂട്ടങ്ങളും, നിരനിരയായി നിൽക്കുന്ന പൈൻ മരങ്ങളും കുരുന്നുകളുടെ കലപിലകൾക്കായി കാതോർത്തിരിക്കുന്നു. ഒരു പുതിയ വിദ്യാഭ്യാസ വർഷം ജന്മംകൊള്ളുകയായി. പഠിച്ചിറങ്ങിയവർക്ക് ഗൃഹാതുരത്വത്തിന്റെ നനുത്ത ഓർമ്മകൾ. പലർക്കും താൻ പഠിച്ചിറങ്ങിയ വിദ്യാലയത്തിലേക്ക് തന്റെ മകനെയോ മകളെയോ കൊണ്ടുവരുമ്പോഴുള്ള പുളകം. വിദ്യാഭ്യാസജനനിയായ സ്കൂൾ എല്ലാവരെയും നോക്കി പുഞ്ചിരി തൂകുന്നു.

അതോടൊപ്പം ഒരു തകർന്ന ചങ്കിൻകൂടിന്റെ ഓർമ്മമാസം കൂടിയാണ് ജൂൺമാസം. മനുഷ്യനെ സ്നേഹിച്ച് ഒന്നും അവശേഷിപ്പിക്കാതെ സമ്പൂർണ്ണ സമർപ്പണത്തിന്റെ കാൽവരിയിലേക്ക് കയറിയ സ്നേഹസമ്പൂർണ്ണതയുടെ തിരുഹൃദയമാസം. എന്താണ് ജ്ഞാനമെന്നും എന്താണ് അറിവെന്നും നമ്മെ പഠിപ്പിക്കുന്ന തിരുഹൃദയം. ആ ഹൃദയം കാണുമ്പോൾ ചങ്കുപൊട്ടും. എനിക്ക് എങ്ങനെയാണ് അങ്ങനെ സ്നേഹിക്കുവാൻ കഴിയുക. തിരുഹൃദയം പങ്കുവെയ്ക്കുന്ന ഒരു വിദ്യാഭ്യാസ ശൈലിയുണ്ട്. അതിൽ ആദ്യത്തേത് താൻ ആരാണെന്ന് തിരിച്ചറിയുക. എന്റെ പേരാണോ ഞാൻ? എന്റെ വീടാണോ ഞാൻ? എന്റെ മാതാപിതാക്കളാണോ ഞാൻ? ഞാൻ കൈയിൽ കരുതുന്ന ധനമാണോ ഞാൻ? ആ തെറ്റിദ്ധാരണയിലാണ് വിദ്യാഭ്യാസം പലപ്പോഴും കാണപ്പെടുന്നതും. ഇതൊന്നുമല്ല എന്ന് തിരിച്ചറിയുമ്പോഴേക്കും പ്രായം നമ്മളെ കടന്നു പോയിരിക്കും. അന്ധകാരത്തിലായിരിക്കും ജീവിതത്തിന്റെ നല്ല വസന്തങ്ങൾ നമ്മൾ കഴിച്ചുകൂട്ടിയിരിക്കുക. പറമ്പിൽ നിൽക്കുന്ന വാളൻപുളിമരവും, ഇച്ചിരിപുളിയുള്ള ലൂവിക്കമരവും, അതിർത്തിയിൽ നില്ക്കുന്ന കൈതച്ചെടികളും, കുളത്തിലെ മീനുമെല്ലാം കൂടിച്ചേർന്നതാണ് വിദ്യാഭ്യാസമെന്ന് പറഞ്ഞിരുന്ന ഒരു തലമുറ നമുക്കുണ്ടായിരുന്നു. ചുരുക്കത്തിൽ ദൈവത്തിന്റെ സൃഷ്ടിയുടെ മകുടമാണ് ഞാൻ. എല്ലാത്തിനെയും പരിപാലിക്കേണ്ടവൻ. സങ്കീർണ്ണവും സരളവുമായ ഒരു ആവാസവ്യവസ്ഥിതിയിലെ ഒരു കണ്ണിയാണ് ഞാൻ എന്ന ഉൾക്കാഴ്ച്ച എന്റെ മനസ്സിലുദിപ്പിക്കുക; അതായിരുന്നു വിദ്യാഭ്യാസത്തിന്റെ ഉദാത്തലക്ഷ്യം.

വെളുത്ത ഉടുപ്പും കറുത്ത തലമുണ്ടുമിട്ട സിസ്റ്റേഴ്സായിരുന്നു പഴയ തലമുറയിൽപ്പെട്ട ഞങ്ങൾ പലർക്കും വിദ്യാഭ്യാസം നൽകിയിരുന്നത്. പനിമൂലം രണ്ടു ദിവസം ക്ലാസ്സിൽ വരാതിരുന്നാൽ മൂന്നാം ദിവസം സിസ്റ്റർ എന്റെ വീടിന്റെ മുൻവശത്തുണ്ടാവും. 'എന്താ കൊച്ച് സ്കൂളിൽ വരാത്തത്' വാത്സല്യമായിരുന്നു വിദ്യാഭ്യാസത്തിന്റെ ചാലകശക്തി. പുസ്തകത്തിൽ നിന്നുള്ള അറിവ് മാത്രമായിരുന്നില്ല അത്. വ്യക്തി, വ്യക്തിയോട് സംവദിക്കുന്ന ഒരു ശൈലി. ഞാൻ സിസ്റ്ററിന്റെ ഹൃദയത്തിൽ ഇടം

സഹനത്തേക്കാൾ വലുതായിരിക്കണം നിങ്ങളുടെ സ്നേഹം.



പിടിച്ച ഒരാളാണ്. എന്നെ കാണാതെ വരുമ്പോൾ എന്നെയും തേടി വരുന്ന അദ്ധ്യാപകൻ. ദാരിദ്ര്യമാണ് എന്റെ അസാന്നിധ്യത്തിന്റെ കാരണമെന്നറിഞ്ഞാൽ മഠത്തിലെ ചേട്ടത്തി ഒരു വലിയ കുട്ട നിറയെ സാധനങ്ങളുമായി തത്സമയത്തിൽ വീട്ടിലെ അടുക്കളവശത്തെത്തും. വിശക്കുന്നവന് ദൈവം അപ്പമായി വരുമെന്നൊക്കെ ക്ലാസ്സിൽ പഠിച്ചത് വെറും വാക്കല്ല എന്നും അത് ജീവിക്കുന്ന സത്യമാണെന്നും തിരിച്ചറിഞ്ഞ അനർഘമായ നിമിഷങ്ങൾ വിദ്യാഭ്യാസം കാഴ്ച്ചവെച്ചു.

പഠിച്ച് വലിയവനാകണമെന്നൊക്കെ വീരവാദം മുഴക്കിയിരുന്നുവെങ്കിലും പഠിച്ച്, പഠിച്ച് ചെറുതാകുവാനാണ് വിദ്യാഭ്യാസം നൽകപ്പെട്ടത്. വിനീതനാവുക, അറിയുന്തോറും നിനക്ക് പലതിനെക്കുറിച്ചും കാര്യമായി അറിവൊന്നുമില്ല എന്ന തിരിച്ചറിവുണ്ടാക്കുക. തിരുഹൃദയം പങ്കുവെച്ച വിദ്യാഭ്യാസശൈലിയും മറ്റൊന്നായിരുന്നില്ല. ചെറുതായി ഒന്നുമില്ലാതായിതീരുക. അതൊരു ജീവിതശൈലിയായിരുന്നു. അതുകൊണ്ട് അത്യാഗ്രഹം നന്നേ കുറവായിരുന്നു. അസൂയമൂത്ത് അപരനെ ചവിട്ടി താഴ്ത്താൻ നമ്മൾ മെനക്കെടില്ല. പഠിച്ചവനും പഠിക്കാത്തവനും തമ്മിൽ സൗഹൃദം നിലനിന്നിരുന്നു. അപരിചിതത്വം നന്നേ വിരളമായിരുന്നു. കുടുംബത്തെ പുലർത്തണം എന്നതിനപ്പുറം വെട്ടിപിടിക്കണമെന്നോ, തന്റെ ചുറ്റിലുമുള്ളവരെ കാൽകീഴിൽ കൊണ്ടുവരണമെന്നോ ഉള്ള ചിന്ത ദുർലഭമായിരുന്നു. കഴിഞ്ഞുകൂടാൻ നിവൃത്തിയില്ലാത്തവനുവേണ്ടി കൈകൾ സ്നേഹത്തോടെ നീട്ടുന്നതിൽ വിദ്യാഭ്യാസം എത്തി നിന്നു.

നേരം പുലരും മുമ്പ് കടലിൽ പോയി മടങ്ങിവന്ന് വള്ളത്തിന്റെ തണലിൽ കിടന്ന് മയങ്ങുന്ന മുക്കുവനോട് മുതലാളിത്വത്തിന്റെ വക്താവ് ചോദിച്ചു. 'ഇങ്ങനെ കിടന്നാൽ മതിയോ, മുഴുവൻ സമയവും പോയി പണി ചെയ്താൽ കൂടുതൽ മീൻ കിട്ടും.' 'എന്നിട്ട്' മുക്കുവൻ കണ്ണു തുറന്നു. 'അങ്ങനെ ചെയ്താൽ അഞ്ചു വർഷം കഴിയുമ്പോൾ സ്വന്തമായി രണ്ടു ബോട്ടുകൾ എങ്കിലും ഉണ്ടാകും.' 'എന്നിട്ടോ' മുക്കുവൻ കണ്ണുകൾ തിരുമ്മി. 'പിന്നെ തന്റെ കുടിൽ വലിച്ചു പറച്ച് കളഞ്ഞ് നല്ലൊരു വീടു പണിയണം.' അപ്പോൾ മുക്കുവൻ ഒരു ബീഡി കത്തിച്ച് വലിച്ച് തുടങ്ങി. 'എന്നിട്ട് നിങ്ങൾക്ക് ഇഷ്ടം പോലെ വിശ്രമിക്കാം'. 'ഞാൻ ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്നത് അതു തന്നെയല്ലോ? മുതലാളിത്വത്തിന്റെ വക്താവ് നിശബ്ദനായി.

വിദ്യാഭ്യാസത്തിന്റെ ദിശാബോധങ്ങൾ മാറണമെന്ന് തിരുഹൃദയം നമ്മോട് പറയുന്നു. ആശ്വാസത്തോടെ, സമാധാനത്തോടെ ജീവിക്കുവാനുള്ള അറിവ് സമ്പാദിക്കുവാൻ, വേരുറപ്പുള്ള ജ്ഞാനസമ്പാദനം, മത്സരബുദ്ധി നിലനിൽക്കുമ്പോൾ തന്നെ ജൈവപരവും ക്രിയാത്മകവുമായ കൂർമ്മതയോടെ മുന്നേറുന്ന പഠനശൈലികൾ, അത്യാഗ്രഹത്തെ ഊട്ടിയുറപ്പിക്കാത്ത ഒരു ജീവിതശൈലി സമ്പാദനം, കൂടുതൽ ഉണ്ടാക്കി കൂടുതൽ വിറ്റ് ജീവിക്കുന്ന; ഭൂമിയുടെ അടിത്തറയിളക്കുന്ന പ്രത്യയ ശാസ്ത്രങ്ങൾക്ക് എതിർ നിൽക്കുന്ന ഒരു സാമ്പത്തിക ശാസ്ത്രത്തിന്റെ വളർച്ച, എല്ലാവരുടേയും പ്രാഥമിക ആവശ്യകതയ്ക്ക് ഊന്നൽ നൽകുന്ന ഒരു വിദ്യാഭ്യാസത്തിന്റെ വളർച്ച. അതാണ് തിരുഹൃദയം ആവശ്യപ്പെടുന്നത്.

സ്നേഹമാണഖിലസാരമൂഴിയിൽ എന്ന് മഹാനായ കവി പാടി. സ്നേഹമാണ് ജീവിതത്തിന്റെ ചാലകശക്തി. തിരുഹൃദയം ഉറക്കെ സംസാരിക്കുന്നത് അതുതന്നെ. സ്നേഹിച്ച് സ്നേഹിച്ച്, കൊടുത്ത്, കൊടുത്ത് ഈ പ്രപഞ്ചത്തിന്റെ ആത്മാവിന്റെ ഹൃദയത്തിലായിരിക്കുക. മാറ്റങ്ങൾക്ക് സമയമായി എന്ന് നമ്മെ പിടിച്ചെഴുന്നേല്പിച്ച് ഓർമ്മിപ്പിക്കുവാൻ കോവിഡ് 19 നേക്കാൾ ഉത്തമമായ മറ്റെന്തു ഉപമ വേണം? എല്ലാവർക്കും നല്ലൊരു വിദ്യാരംഭ വർഷം ആശംസിക്കുന്നു.

■







# സ്വയം പരിശീലനം

## കാലഘട്ടത്തിന്റെ ആവശ്യം

ഡോ. ഹെർബർട്ട് കിംഗ് ISch

### 1. സ്വയം പരിശീലനം

ഷേൺസ്റ്റാട്ടിന്റെ ചരിത്രത്തിൽ ആരംഭം മുതൽ നിലനിൽക്കുന്ന പദമാണ് സ്വയം പരിശീലനം എന്നത്. ഷേൺസ്റ്റാട്ട് പ്രസ്ഥാനത്തിന് കൈവരിക്കാനുള്ള ലക്ഷ്യമാണ് ഇതിൽ ഉള്ളടങ്ങിയിരിക്കുന്നത്. മൈനർ സെമിനാരിയിലെ വിദ്യാർത്ഥികളോടായി ആത്മീയപിതാവ് എന്ന നിലയിൽ കെന്റണിക് അച്ചന്റെ ആമുഖ സ്ഥാപനരേഖയിലെ വാക്കുകൾ ഇതിന് തെളിവാണ്. “നമ്മുടെ ലക്ഷ്യമെന്താണ്? ഞാനത് ചുരുക്കി പറയുന്നു. പരിശുദ്ധ അമ്മയുടെ സംരക്ഷണത്തിൽ സ്വതന്ത്രവും ഉറച്ചതുമായ വ്യക്തിത്വങ്ങളാകുവാൻ നാം സ്വയം പരിശീലിക്കേണ്ടിയിരിക്കുന്നു.” കൂടാതെ ഈ വിഷയം ഭാവിയിലെ നമ്മുടെ പരസ്പര ബന്ധത്തെ നിർണ്ണയിക്കുന്ന ഘടകമാകും എന്നും അദ്ദേഹം കൂട്ടിച്ചേർത്തു. പരിശീലകനായിരുന്ന കെന്റണിക് അച്ചന്റെ തുടർന്ന് വരുന്ന വാക്കുകൾ വിദ്യാർത്ഥികളിൽ വലിയ ആശ്ചര്യം ഉളവാക്കി. “നാം പഠിക്കേണ്ടിയിരിക്കുന്നു. നിങ്ങൾ മാത്രമല്ല, ഞാനും. നാം ഓരോരുത്തരിൽ നിന്നും പഠിക്കണം. നാം ഒരിക്കലും പഠിച്ച് അവസാനിപ്പിക്കുന്നില്ല. പ്രത്യേകിച്ച് നമ്മുടെ പ്രവർത്തനങ്ങളെയും പ്രവൃത്തികളെയും ജോലികളെയും കൂടുതൽ മേന്മയുള്ളതാക്കുന്ന സ്വയം പരിശീലനം എന്ന കലയും നാം മുഴുവനായി പഠിച്ച് തീർക്കുന്നില്ല.”

കെന്റണിക് അച്ചന്റെ വാക്കുകൾ ഉദ്ധരിക്കട്ടെ: “നാം സ്വയം പരിശീലിക്കുവാൻ പഠിക്കേണ്ടിയിരിക്കുന്നു. അതൊരു വിശിഷ്ടമായ രാജകീയ ആശയമാണ്. അഭ്യസ്ഥവിദ്യരായ ആളുകൾ ഒത്തിരി താൽപര്യത്തോടെ കാണുന്ന ഒന്നാണ് സ്വയം പരിശീലനം. സ്വയം പരിശീലനം എന്നത് മതത്തിനും യുവതലമുറയ്ക്കും ഈ കാലഘട്ടത്തിനും അത്യന്താപേക്ഷിതമാണ്.

### 2. സ്വയം പരിശീലനം ഓരോരുത്തരുടേയും ഉത്തരവാദിത്വം.

സ്വയം പരിശീലനം എന്നത് ഓരോരുത്തരും ഉത്തരവാദിത്വപൂർവ്വം നടത്തേണ്ട ഒന്നാണ്. അതുപോലെ ഏവർക്കും അത് നടത്തുവാൻ അവകാശവുമുണ്ട്. ഓരോരുത്തരും ഇത് താങ്കളുടെ കടമയായി കാണണം. ആരെങ്കിലും അത് നമ്മെ നിർബന്ധിച്ച് പഠിപ്പിക്കുവാനോ ‘നീ അത് ചെയ്തേ മതിയാകൂ’ എന്ന് പറയുവാനോ നാം കാത്ത് നിൽക്കരുത്. നാം സ്വയം പ്രേരിതമായി കാര്യങ്ങൾ ചെയ്യുവാൻ തുടങ്ങണം. ഇങ്ങനെയുള്ള സമീപനം നമ്മുടെ വ്യക്തിപരമായ അന്തസ്സിന് കോട്ടം വരുത്തുകയില്ല. നാം നമ്മുടെ ശ്രേഷ്ഠതയെക്കുറിച്ച് അവബോധമുള്ളവരാണ്. എനിക്ക് എന്നെത്തന്നെ പരിശീലിപ്പിക്കുവാൻ സാധിക്കും എന്നത് ആത്മവിശ്വാസം പകരുന്ന സമീപനമാണ്.

കെന്റണിക് അച്ചന്റെ താഴെ വരുന്ന വാക്കുകൾ ഈ ആശയത്തോട് തികച്ചും ചേർന്ന് പോകുന്നതാണ്. "സ്വയം സഹായിക്കുവാൻ കഴിയുന്ന, നയിക്കുവാൻ കഴിയുന്ന ഏത് സാഹചര്യവുമായി താദാത്മ്യപ്പെട്ട് പോകുവാൻ കഴിയുന്ന വ്യക്തിത്വങ്ങളെ, സ്വാശ്രയ ബോധമുള്ളവരെ രൂപീകരിക്കുന്നതിനാണ് നാം ഇതിലൂടെ പ്രാധാന്യം നൽകുന്നത്."

**3. സ്വയം അറിയുക**

സ്വയം പരിശീലനം വിജയിക്കണമെങ്കിൽ നാം നമ്മെത്തന്നെ അറിയണം. ഇതിനോട് ബന്ധപ്പെട്ടുള്ള കെന്റണിക് അച്ചന്റെ വാക്കുകൾ ശ്രദ്ധിക്കുക. "സാധാരണ ജീവിതത്തിൽ നടക്കാറുള്ള കാര്യങ്ങളെ നേരിടുന്നതിനും അതിലൂടെ നമ്മെ നയിക്കുന്നതിനും തനിക്ക് സാധിക്കുമെന്ന ഉറപ്പ് ഓരോരുത്തരും ആർജ്ജിക്കണം." 1912ൽ കെന്റണിക് അച്ചൻ പറഞ്ഞ കാര്യങ്ങൾ ഇന്നും പ്രാധാന്യത്തോടെ നിലകൊള്ളുന്നു.

ഓരോരുത്തരും തന്റെ പ്രകൃതി (temperment) ഏതെന്നും പ്രധാനമായ അഭിനിവേശം ഏതെന്നും അറിയണം. ഷേൺസ്റ്റാട്ട് ആത്മീയതയിൽ പ്രാധാന്യമർഹിക്കുന്ന പ്രത്യേക ആത്മശോധന നടത്തുന്നതിനും ആത്മീയദിനക്രമം (Spiritual daily order) പാലിക്കുന്നതും സ്വയം പരിശീലനത്തിൽ നമ്മെ വളരുവാൻ സഹായിക്കുന്ന ആത്മീയ പാരമ്പര്യങ്ങളാണ്. ദൈവം നല്കിയിരിക്കുന്ന വ്യക്തിപരമായ ജീവിതആദർശങ്ങളെ തിരിച്ചറിയുകയും അതിനെ ജീവിതത്തിൽ പിഞ്ചെല്ലുവാൻ പരിശ്രമിക്കുകയും ചെയ്യുന്നത് സ്വയം പരിശീലനത്തിന്റെ ഭാഗമാണ്. തെറ്റുകളെ കുറക്കുന്നതിനുള്ള തീവ്രശ്രമത്തിൽ നാം ഏർപ്പെടുന്നത് പൊതുവെ സഹായകമാകും എന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ. കൂടാതെ ഏതു പുണ്യങ്ങളെ നാം പ്രോത്സാഹിപ്പിക്കുന്നുവോ, എങ്ങനെയുള്ള നന്മപ്രവർത്തികളെ നാം കൂടുതൽ ചെയ്യണം, എങ്ങനെയുള്ള നന്മകളാൽ എന്റെ ഹൃദയം നിറയ്ക്കണം എന്നുള്ളതും ഇതുമായി ബന്ധപ്പെട്ടുനില്ക്കുന്നു.



കെന്റണിക് അച്ചൻ മറ്റൊരു ആത്മീയ ഗുരുവിനെക്കുറിച്ച് പ്രതിപാദിക്കുന്നത് ഇപ്രകാരമാണ്. ചെറുപ്പകാരനായ ഒരു ദൈവശാസ്ത്രവിദ്യാർത്ഥി തന്റെ പ്രത്യേക ആത്മശോധന വിഷയം വസ്തുതാപരമായ (postive) കാര്യങ്ങളുമായി ബന്ധപ്പെട്ടാണ് എടുത്തിരിക്കുന്നത് എന്ന് അറിയിക്കുകയുണ്ടായി. ഇതു പറഞ്ഞു ചെന്ന വൈദികവിദ്യാർത്ഥിയെ അദ്ദേഹം മുറിക്കു പുറത്താക്കിയില്ലായെന്നെയുള്ളു. നീ നിന്റെ പാപങ്ങളെ മാറ്റുന്നതിലാണ് കൂടുതൽ ശ്രദ്ധിക്കേണ്ട

തെന്ന് ആ ആധ്യാത്മിക പിതാവ് പറഞ്ഞു. എന്നാൽ ആധ്യാത്മിക ഗുരുവായ കെന്റണിക് അച്ചൻ എന്നും പ്രോത്സാഹിപ്പിച്ചിരുന്നത് സർഗ്ഗാത്മകമായ കൂടുതൽ പുണ്യപ്രവർത്തികൾ ചെയ്യുവാനാണ്.

നമ്മുടെ ആന്തരികലോകത്തെ കൂടുതലായി അറിയുക എന്നതാണ് സ്വയം അറിയുക എന്നതുകൊണ്ട് നാം അർത്ഥമാക്കുന്നത്. ഇതിനെക്കുറിച്ചുള്ള കെന്റണിക് അച്ചന്റെ വാക്കുകൾ ഇപ്രകാരമാണ്: "നിത്യം പഴയതും നവീനവുമായി നിലകൊള്ളുന്ന ഒരു ലോകം! ഈ ലോകത്തിന്റെ ഒരു ചെറിയ പതിപ്പ് (Microcosm) അതായത് നമ്മുടെതന്നെ ആന്തരികലോകം ഇപ്പോഴും അജ്ഞാതവും സൂക്ഷ്മനിരീക്ഷണം നടത്താതെയും ഇരിക്കുന്നു. മനുഷ്യാത്മാവിനെ സൂക്ഷ്മനിരീക്ഷണം നടത്താൻ മാർഗ്ഗങ്ങളൊന്നുമില്ല. അല്ലെങ്കിൽ അതിന് ശാസ്ത്രീയ മാർഗ്ഗങ്ങളില്ല. ആന്തരികതയുടെ എല്ലാ പ്രതലങ്ങളും പഠനവിധേയമാണ്. അതിനായി നമ്മുടെ കഴിവുകൾ പരമാവധി പ്രയോജനപ്പെടുത്തുന്നു. എന്നാൽ ഒന്ന് മാത്രം, അതായത് ഏറ്റവും ആഴമുള്ള ഏറ്റവും ആന്തരീകമായ അനശ്വരമായ ആത്മാവിന്റെ മണ്ഡലം മാത്രം ഇപ്പോഴും നിർമ്മാണയോഗ്യമല്ലാത്ത ഭൂമിപോലെ നിലകൊള്ളുന്നു. അതുകൊണ്ട് നമ്മുടെ കാലഘട്ടം ഭയാനകമായ ആന്തരീക പാപ്പരത്തവും ശൂന്യതയും അനുഭവിക്കുന്നു. ശാസ്ത്രത്തിലുള്ള നമ്മുടെ അഭിവൃദ്ധിയുടെ തോത് നമ്മുടെ ആന്തരീകമായ അഭിവൃദ്ധിയുടെ തോതായിരിക്കണം.ആത്മാവിന്റെ വളർച്ചയായിരിക്കണം. അല്ലെങ്കിൽ നമ്മുടെ ഉള്ളിൽ ഒരു ഭയങ്കരമായ ശൂന്യത, നമുക്ക് തീർത്തും സന്തോഷമില്ലാതാക്കുന്ന വലിയ ഗർത്തം ഉണ്ടാക്കുന്നു. അതുകൊണ്ട്



സ്വയം പരിശീലനം അത്യന്താപേക്ഷിതമാണ്. സ്വന്തം ആത്മാവിനെ അറിയുക, സ്വന്തം ആന്തരീകതയെ എങ്ങനെയെങ്കിലും മനസ്സിലാക്കുകയെന്നത് കെന്റണിക് അച്ചൻ മുന്നോട്ട് വയ്ക്കുന്ന സ്വയം പരിശീലനത്തിന്റെ പ്രധാനപ്പെട്ട വ്യവസ്ഥയാണ്.

**4. നല്ലത് പ്രോത്സാഹിപ്പിക്കുന്ന സമീപനം**

കുടുംബത്തിലും സഭയിലും വിദ്യാലയത്തിലും നിലനിന്നിരുന്ന വിലകുറയ്ക്കുന്ന പരിശീലനരീതിയ്ക്കു പകരമായി നല്ലതിനെ പ്രോത്സാഹിപ്പിക്കുന്ന സമീപനമായിരുന്നു കെന്റണിക് അച്ചൻ മുന്നോട്ട് വച്ചത്. കെന്റണിക് അച്ചൻ തന്റെ അനുഭവം പറയുന്നത് നമുക്ക് ശ്രദ്ധിക്കാം. "ഒരു നിധിവേട്ടക്കാരനെപ്പോലെ മനുഷ്യരുടെ ആത്മാവിന്റെ ആഴങ്ങളിലേക്കു ഇറങ്ങിച്ചെന്നപ്പോൾ അതിൽ ഒത്തിരി ലോഹങ്ങളുണ്ടെന്നും അവയ്ക്കു എല്ലാ വിധത്തിലും വൃത്തിയാക്കലും ശുദ്ധീകരണവും ആവശ്യമാണെന്നും മനസ്സിലായി."



മനുഷ്യരിൽ ഒത്തിരിയേറെ നന്മയുണ്ടെന്ന് നമ്മുടെ അനുഭവം നമ്മെ പഠിപ്പിക്കുന്നു. ഈ മനോഭാവത്തോടെ നാം അവരെ സമീപിക്കുമ്പോൾ നന്മ മാത്രമെ നാം അവരിൽ കണ്ടെത്തുകയുള്ളൂ. സ്വയം പരിശീലനം ലഭിക്കുക, സ്വയം അഭ്യസ്ഥവിദ്യരാകുക, സ്വയം രൂപപ്പെടുത്തുക, സ്വയം പഠിപ്പിക്കുക എന്നതിനേക്കാൾ ഉപരി സ്വയം വികസിക്കുകയും വളരുകയും സ്വയം തിരിച്ചറിയുകയും ചെയ്യുക. തുടർച്ചയായി മനുഷ്യന്റെ തെറ്റുകൾ തിരുത്തുന്ന, അരുത് എന്ന് പറയുന്ന നിഷേധാത്മകതയുടെ ഒരു പരിശീലനശ്രമത്തിന് ബദലായി ഒത്തിരി അവസരങ്ങൾ നൽകുന്ന ഒരു പരിശീലനക്രമമാണ് കെന്റണിക് അച്ചന്റേത്. ഏതെങ്കിലും രീതിയിൽ നമ്മെ അടച്ച് പൂട്ടി സംരക്ഷിക്കുന്നതിനേക്കാൾ ഉത്തരവാദിത്വത്തോടെ മുന്നോട്ട് പോകാൻ പ്രേരിപ്പിക്കുന്ന ഒരു പരിശീലനശ്രമമാണിത്. അതായത് എനിക്ക് ഒന്നിനും കഴിയില്ല എന്ന് ചിന്തിച്ച് സ്വയം വില കുറച്ച് കാണാതെ, സ്വന്തം പരിമിതികളെ അംഗീകരിച്ചുകൊണ്ട് ആത്മവിശ്വാസത്തോടെ മുന്നോട്ടുപോകുവാൻ പ്രേരിപ്പിക്കുന്നതാണ് ഈ പരിശീലനരീതി.

**5. ലക്ഷ്യം നിന്നിൽ തന്നെ**

വ്യക്തിപരമായ ആദർശവും അതിനെ ജീവിതത്തിൽ പ്രായോഗികമാക്കുന്ന രീതിയും നമ്മോട് മന്ത്രിക്കുന്ന ഒരു സത്യം ഇതാണ്. ദൈവം ആഗ്രഹിക്കുന്ന ലക്ഷ്യം നിന്നിൽ തന്നെ നിക്ഷിപ്തമാണ്. അത് നിന്റെ ഹൃദയത്തിൽ ആലേഖനം ചെയ്യപ്പെട്ടിരിക്കുന്നു. ദൈവം നിന്നിൽ ആഗ്രഹിക്കുന്നരൂപവും അവിടുന്ന് നിന്റെ ഹൃദയത്തിൽ കൊത്തിവെച്ചിട്ടുണ്ട്. നിനക്ക് സ്വയം ആർജ്ജിക്കുവാൻ സാധിക്കുന്ന പ്രതിച്ഛായയും നിന്റെ ഉള്ളിൽ തന്നെയുണ്ട്. നിന്റേതായ പ്രതിരൂപം! നിനക്ക് സാധിക്കുന്നിടത്തോളം നീ അതിനെ മനസ്സിലാക്കുവാൻ ശ്രമിക്കുക. നമ്മുടെ ആന്തരീകതയിൽ ഒരു വിശുദ്ധഗാനം മുഴങ്ങുന്നുണ്ട്. അതിന്റെ താളലയം നീ ശ്രവിക്കണം. നമ്മുടെ ആന്തരീകതയുടെ യഥാർത്ഥ സത്തയിലേയ്ക്കു അടുക്കുവാൻ ഇത് നമ്മെ സഹായിക്കും. സ്വയം പരിശീലനം എന്നത് സ്വന്തം മനസ്സിന്റെ ശക്തികൊണ്ട് നേടാനാവുന്നത് എന്നതിനേക്കാൾ സ്വയം വളർച്ചയും സ്വയാവിഷ്ക്കാരവുമാണ്. ഇത് ഹൃദയത്തിന്റെ വികാസവും മനസ്സിന്റെ രൂപീകരണവും അതിനെ ശക്തിപ്പെടുത്തലുമാണ്.



"യഥാർത്ഥ ഹീറോ വലിയ കാര്യങ്ങൾക്കുവേണ്ടി സ്വയം സമർപ്പിക്കുന്നവനാണ്"



നമ്മുടെ ഹൃദയത്തിൽ കുടികൊള്ളുന്ന ആദിരൂപവുമായി ഇത് താദാത്മ്യപ്പെട്ടുപോകണം. ഇത് തന്നെയാണ് ഓരോരുത്തരുടേയും ഉള്ളിൽ കുടികൊള്ളുന്ന ആദിസ്വഭാവം എന്ന് വിളിക്കാവുന്ന മനുഷ്യത്വം. ഇതിനെ സ്വയം പരിശീലനത്തിലൂടെയും സ്വയാഭിവൃദ്ധിയിലൂടെയും വികസിപ്പിക്കുവാനും വളർത്തുവാനും സാധിക്കും. മനസ്സിന്റെ പരിശീലനം എന്നത് ഒരു സമഗ്രമായ മാർഗ്ഗം ആണെന്നാണ് നമുക്ക് ഇതിലൂടെ മനസ്സിലാക്കാൻ കഴിയുന്നത്.

സ്വയം പരിശീലനം എന്നത് തെറ്റാകാനും അപകടകരമാം വിധം വഴിതെറ്റാനും സാധ്യതയുണ്ട്. നാം ആദർശം എന്ന വാക്കിന്റെ യഥാർത്ഥ അർത്ഥം ഗ്രഹിക്കാതിരുന്നാൽ നമ്മുടെ മനുഷ്യപ്രകൃതിയെ തന്നെ കീറിമുറിക്കുന്ന അനാവശ്യമായി ആദർശത്തിന് പ്രാധാന്യം നൽകുന്ന 'ആദർശബിംബ'മായി നാം മാറുവാനും അത് നമ്മുടെ സ്വയം വളർച്ചയെ തടസ്സപ്പെടുത്തുവാനും സാധ്യതയുണ്ട്.

### 6. സ്വതന്ത്രമാവുക

പല കാര്യങ്ങളിൽ നിന്നും നമ്മുടെ ആന്തരീകത വിമോചിതമാകേണ്ടതുണ്ട്. കെന്റ്ണിക് അച്ചന്റെ വാക്കുകൾ നമുക്ക് ഇതിന് മാർഗ്ഗദർശനമാണ്. "പ്രകൃതിജന്യമായ നമ്മുടെ സ്വഭാവ സവിശേഷതകൾ തച്ചുടക്കാതിരിക്കാൻ ശ്രദ്ധിക്കുക. നാം ഇത്രയും നാൾ അനാവശ്യമായി അമർത്തിവച്ചിരിക്കുകയും നിയന്ത്രിക്കുകയും ചെയ്തിരുന്ന ചില വികാരങ്ങളെ പുനരുജ്ജീവിപ്പിക്കുക, തപോചര്യകൾ (asceticism) നമ്മുടെ ആന്തരീകതയെ അതികഠിനമാക്കരുത്. നമ്മിൽ സംഭവിക്കുന്ന ആന്തരീകമാറ്റങ്ങളും പരിഹാരം (Compensation) എന്ന നിലയിൽ നാം ചെയ്യുന്ന കാര്യങ്ങളും തിരിച്ചറിയുകയും ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുക. തെറ്റുകളെയും ബലഹീനതകളെയും തുറന്ന മനോഭാവത്തോടെ കൈകാര്യം ചെയ്യുക. നാം നമ്മുടെ ആന്തരീകതയെ കൂടുതൽ ഞെരുക്കി നിയന്ത്രിക്കുവാൻ ശ്രമിക്കുന്നത് കൊണ്ടാകാം നാം അടുപ്പിച്ച് നമ്മുടെ ബലഹീനതകൾക്ക് വശംവദരാകുന്നത്. എന്റെ സത്തയെ എനിക്ക് നൽകപ്പെട്ടിരിക്കുന്ന അവസ്ഥയിൽ നിലനിർത്തുവാൻ ശ്രമിക്കണം. എന്റെ ചെയ്തികൾകൊണ്ട് എന്നിലെ ജീവശക്തികൾ നിർജ്ജീവമാകുവാൻ പാടില്ല.



"നല്ല കാര്യങ്ങൾക്കുവേണ്ടി തുറവിയുള്ളവരായിരിക്കുക
എല്ലാ കാര്യങ്ങളിലും നന്മ കാണുവാൻ പരിശ്രമിക്കുക"



സഹായിക്കുവാൻ സാധിക്കും? അദ്ദേഹത്തിന് ഇവരെ അനുയാത്ര (accompany) ചെയ്യുവാനാണ് സാധിക്കുക. അദ്ദേഹത്തിന്റെ പങ്ക് തികച്ചും നിസ്വാർത്ഥമായിരിക്കണം. അദ്ദേഹം തന്നെത്തന്നെ പ്രയോജനരഹിതമായ ഉപകരണമായി കാണണം. ആദ്ധ്യാത്മിക പിതാവിന്റെ സ്വഭാവത്തിന് അനുഗുണമായ വ്യക്തികളെ രൂപീകരിക്കുവാൻ അദ്ദേഹം ശ്രമിക്കരുത്.

ഒരു സഹായകന്റെ ഉത്തരവാദിത്വമാണ് അദ്ദേഹത്തിനുള്ളത്. കൂടാതെ സ്വയം പരിശീലനത്തിന് മറ്റുള്ളവരെ പ്രേരിപ്പിക്കുക അദ്ദേഹത്തിന്റെ കടമയാണ്. ഇതിനെ നമുക്ക് ആത്മീയ സഹയാത്രയായി വിശേഷിപ്പിക്കാം. ഒരു കാര്യം മറക്കാതിരിക്കുക ജീവിതകാലം മുഴുവൻ ആദ്ധ്യാത്മിക പിതാവ് സ്വയം പരിശീലനത്തിന് വിധേയനാകണം. പരിശീലിപ്പിക്കപ്പെടുന്നവർ ഇതേക്കുറിച്ച് അറിയുകയും വേണം. ആമുഖ സ്ഥാപനരേഖകളിൽ കെന്റണിക് അച്ചൻ ഇതെപ്പറ്റി പ്രതിപാദിക്കുന്നുണ്ട്. കെന്റണിക് അച്ചൻ മുന്നോട്ടുവെച്ച വളർച്ചയുടെ വിവിധ ഘട്ടങ്ങൾ പരിശീലകൻ മനസ്സിലാക്കുകയും ജീവിതത്തിൽ അതിനെ പിൻചെല്ലുകയും വേണം. പരിശീലകൻ ഒരു പിതൃസാന്നിധ്യമാകണം.കെന്റണിക് അച്ചന്റെ ഒരു ചിന്തയോടെ ഞാൻ ഇത് സമാഹരിക്കാം. “പരിശീലനത്തിന് വിധേയരാകുന്നവർ അധികാരികളെ അനാവശ്യമായി ആശ്രയിച്ച് ജീവിക്കരുത്. അതെ, പിതൃത്വമെന്നതിനും മാതൃത്വമെന്ന പദത്തിനും സമൂലമായ മാറ്റം ആവശ്യമായിരിക്കുന്നു.” ■

**7. വ്യക്തികളെ മറയ്ക്കുന്ന മുഖംമൂടികൾ മാറ്റുക**

ആത്മാവിനെ പൊതിയുന്ന കൃത്രിമവും കാഠിന്യവുമുള്ള കവചങ്ങളെ മാറ്റുക. കെന്റണിക് അച്ചന്റെ വാക്കുകൾ ഇവിടെ പ്രത്യേകം പ്രസ്താവ്യമാണ്. “നാം ജീവനുള്ള മനുഷ്യരെയാണല്ലോ പരിശീലിപ്പിക്കുന്നത്. അതുകൊണ്ടു തന്നെ കൃത്രിമ കവചങ്ങളെ ഉപേക്ഷിക്കണം. ഞാൻ മുൻപ് സിസ്റ്റേഴ്സിനോട് ഇതേപ്പറ്റി പറഞ്ഞിട്ടുണ്ട്. നിങ്ങൾ സാധാരണ മനുഷ്യരെപ്പോലെ പെരുമാറുമ്പോൾ കൃസൃതികളായി തീരും. അങ്ങനെയെ അതിനെപ്പറ്റി ചിന്തിക്കാൻ സാധിക്കൂ. നാം അടക്കിവച്ചിരുന്ന എല്ലാ വികൃതിത്തരങ്ങളും പുറത്ത് വരും.”

**8. സ്വയം പരിശീലനം ജീവിതത്തെ പുനഃസൃഷ്ടിക്കലാണ്.**

സ്വയം പരിശീലനം നടത്തുന്ന വ്യക്തികളെ ആദ്ധ്യാത്മികപിതാവിന് എങ്ങനെ

**ജർമ്മൻ ഭാഷയിലെ ലേഖനത്തിന്റെ വിവർത്തനം തയ്യാറാക്കിയത്**
**ഫാ. ഷാജൻ മാണിക്യത്താൻ ISch**

# വിശ്വാസ പരിശീലനം



ഡോ. കൊച്ചുറാണി ജോസഫ്

നമ്മുടെ എല്ലാ ദേവാലയങ്ങളിലും മതബോധന ക്ലാസ്സുകൾ ഓൺലൈനായി ആരംഭിക്കുകയാണ്. പല ഇടവകകളിലും ഇത് തുടങ്ങുകയും ചെയ്തിരിക്കുന്നു. കാലത്തിനും സാഹചര്യത്തിനുമനുസരിച്ച് നമ്മുടെ മതബോധന രീതികളും മാറുകയാണ്. മാതാപിതാക്കൾ വളരെ ഉത്സാഹത്തോടെ തങ്ങളുടെ കുട്ടികളെ ഇത്തരം ഓൺലൈൻ മതബോധന ക്ലാസ്സുകൾക്ക് ഒരുക്കുകയും രക്ഷിതാക്കൾതന്നെ പ്രാരംഭഘട്ടത്തിൽ സംഘടിപ്പിച്ച ഓൺലൈൻ ക്ലാസ്സുകളിൽ പങ്കെടുക്കുകയും ചെയ്തു. ആത്മീയ ജീവിതത്തിൽ താല്പര്യമുള്ള മാതാപിതാക്കൾ, തങ്ങളുടെ കുഞ്ഞുങ്ങളുടെ വിശ്വാസ വളർച്ചയ്ക്ക് ആവശ്യമായ എല്ലാ പോഷകഘടകങ്ങളും കുഞ്ഞുനാളിൽതന്നെ പകർന്നുകൊടുക്കുന്നതിൽ എന്നും ഉത്സുകരാണ്.

ഒരു കുഞ്ഞിന്റെ വളർച്ചയ്ക്ക് അഞ്ച് തലങ്ങൾ ഉണ്ട് എന്നു പറയുന്നു: ശാരീരികം, മാനസികം, ബൗദ്ധികം, സാമൂഹികം, ആത്മീയം. ഭക്ഷണം ശാരീരിക വളർച്ചയ്ക്കും, പഠനം ബൗദ്ധിക വളർച്ചയ്ക്കും, കൂട്ടുകാരുമായുള്ള ചങ്ങാത്തം സാമൂഹിക വളർച്ചയ്ക്കും ഇടയാക്കുന്നു. ആത്മീയവളർച്ചയിലും കുട്ടിയെ പ്രോത്സാഹിപ്പിക്കുക എന്നതും മാതാപിതാക്കന്മാരുടെ ഉത്തരവാദിത്വമാണ്.

യഥാർത്ഥത്തിൽ മാതാപിതാക്കളാണ് മക്കളുടെ പ്രഥമ ആത്മീയ സുവിശേഷപ്രഘോഷകർ. കുടുംബമാണ് വിശ്വാസത്തിന്റെയും സ്നേഹത്തിന്റെയും സൂക്ഷിപ്പുകാർ എന്നാണ് ജോൺ പോൾ മാർപാപ്പ പറയുന്നത്. ഇക്കാര്യം ഫ്രാൻസീസ് മാർപാപ്പ ഒന്നുകൂടി ഉയർത്തിപ്പിടിക്കുന്നു - വിശ്വാസവും സ്നേഹവും കൈമാറ്റം ചെയ്യപ്പെടുന്നതും കുടുംബത്തിലൂടെയാണ്. ദൈവത്തെ സ്നേഹിക്കണമെങ്കിൽ ദൈവത്തിന്റെ വചനം അറിയണം. അതുകൊണ്ട് ജാഗരൂകതയോടുകൂടി അവ നിങ്ങൾ മക്കളെ പഠിപ്പിക്കണം. (Teach them with diligent care) (നിയമാ. 6:4-9) വിശ്വാസം ഒരു കുഞ്ഞിന് ലഭിക്കുന്നത് പ്രാഥമികമായും കുടുംബത്തിൽനിന്നാണ്. കുടുംബത്തിൽനിന്ന് ലഭിച്ചതിനെ കൂടുതൽ വളർത്തുവാനും പരിപോഷിപ്പിക്കുവാനും ബൗദ്ധികമായി മൂർച്ചപ്പെടുത്താനും വേദപഠന ക്ലാസ്സുകൾ ഉപകരിക്കുന്നു.

വിശ്വാസജീവിതത്തിന് പല തലങ്ങളുണ്ട്. വിശ്വാസം എന്നത് പ്രത്യാശിക്കുന്നവ ലഭിക്കുമെന്ന ഉറപ്പും കാണപ്പെടാത്തവ ഉണ്ട് എന്നുള്ള ബോധ്യവുമാണ് (ഹെബ്രാ.11:1). ഇവിടെ രണ്ടു വാക്കുകൾ വളരെ പ്രധാനപ്പെട്ടതാണ്: (conviction, assurance) വിശ്വാസം എന്നത് ബോധ്യവും ഉറപ്പുമാണ്. വിശ്വാസികളുടെ പിതാവായ അബ്രാഹത്തിന്റെ ജീവിതമാണ് ഇതിന് ഉത്തമ ഉദാഹരണം. (ഉത്പ.22) മോറിയ മലയിലേക്ക്

പോകുംവഴി ഇസഹാക്ക് വിളിക്കുന്നു. "അപ്പാ", അബ്രാഹം പ്രതിവചിക്കുന്നു "എന്താ മകനെ" ഏതൊരു പ്രതികൂല സാഹചര്യത്തിലും വൈകാരിക സമചിത്തതയോടെ നില്ക്കാൻ അബ്രാഹത്തിന് സാധിച്ചു എന്നുള്ളതാണ് അബ്രാഹത്തെ വിശ്വാസികളുടെ പിതാവാക്കിയത്. മകൻ ഒരു കുസൃതി ചോദ്യം ഉന്നയിക്കുന്നു: "തീയും വിറകും ഉണ്ടല്ലോ, ദഹനബലിക്കുള്ള കുഞ്ഞാട് എവിടെ?" എനിക്കറിയില്ല എന്നോ, എന്നോടൊന്നും ചോദിക്കരുത് എന്നോ അല്ല അബ്രാഹം പറയുന്നത്. മറിച്ച് അബ്രാഹത്തിന്റെ അധരങ്ങളിൽ വിശ്വാസത്തിന്റെ വാക്കുകൾ നിറഞ്ഞു "അത് ദൈവം തരും".

വിശ്വാസം അധരങ്ങളിലൂടെ കുഞ്ഞുങ്ങളിലേക്കു പകർന്നുകൊടുക്കുന്ന ഒരു സുവിശേഷവത്ക്കരണ പ്രക്രിയ കുടുംബങ്ങളിൽ ഉണ്ടാകണം. അധരങ്ങളിലൂടെ വരണമെങ്കിൽ അത് ഹൃദയത്തിൽ ഉണ്ടാവണം. ഹൃദയത്തിന്റെ നിറവിൽ നിന്നാണല്ലോ അധരം സംസാരിക്കുന്നത്. സ്വകുടുംബത്തിൽനിന്നും കുഞ്ഞുനാളിൽ കിട്ടിയ വിശ്വാസജീവിതം കുറച്ചുകൂടി മെച്ചപ്പെടുത്താനും പാകപ്പെടുത്താനും ബൗദ്ധികമായി





സ്ഥിരപ്പെടുത്താനുമാണ് നമ്മൾ വേദപഠന ക്ലാസ്സുകളിലേക്ക് കുട്ടികളെ അയക്കുന്നത്.

വിശ്വാസജീവിതത്തിന്റെ വളർച്ചയിൽ നാല് തലങ്ങളുണ്ട്. **വിശ്വാസത്തിന്റെ വൈകാരികതലമാണ്** ഒന്നാമത്തേത്. ( emotional dimension of faith) ക്രിസ്തുവിന്റെ വസ്ത്രത്തിന്റെ വിളുമ്പിലെങ്കിലും ഒന്നു തൊട്ടാൽ സുഖം പ്രാപിക്കുമെന്ന രക്തസ്രാവക്കാരി സ്ത്രീയുടെ വിശ്വാസം ഇതിന് ഉദാഹരണമാണ്. ചില കിണറ്റിലെ വെള്ളം കുടിക്കുന്നതും ഒരു രൂപത്തിൽ ഒഴിച്ച വെള്ളമോ എണ്ണയോ ദേഹത്ത് പുരട്ടിയാൽ സൗഖ്യം ലഭിക്കുമെന്ന് ചിന്തിക്കുന്നതും വിശ്വാസത്തിന്റെ വൈകാരിക തലത്തിൽനിന്നുമാണ്. അവർക്ക് അതിന്റെ ഫലം ലഭിക്കുന്നുമുണ്ട്. നമുക്ക് അവരുടെ ഈ വൈകാരിക വിശ്വാസത്തെ തള്ളിക്കളയാൻ പറ്റുകയുമില്ല.

**വിശ്വാസത്തിന്റെ ബൗദ്ധിക തലം:** യുക്തിയും വിശ്വാസവും എന്ന ചാക്രിക ലേഖനത്തിൽ



മാർപാപ്പ തുടങ്ങുന്നത് "you think and believe" – ചിന്തിച്ച് വിശ്വസിക്കൂ എന്നാണ്. വിശ്വാസത്തിന്റെ ആന്തരികത മനസ്സിലാക്കാൻ ചിന്ത നമ്മെ സഹായിക്കുന്നു. മതബോധനക്ലാസ്സുകൾ വിശ്വാസത്തിന്റെ ബൗദ്ധിക വളർച്ചയെ ഏറെ സഹായിക്കുന്നു. എന്നാൽ ബുദ്ധികൊണ്ട് മാത്രം നേടിയെടുക്കേണ്ടതല്ല വിശ്വാസം എന്ന കാര്യവും മറക്കരുത്. ബൗദ്ധികവളർച്ചകൊണ്ട് മാത്രം വിശ്വാസത്തിൽ വളരണമെന്നില്ല. വിശ്വാസത്തെ സംബന്ധിച്ചുള്ള ബൗദ്ധിക അറിവ് കിട്ടിയതുകൊണ്ടും ഒരാൾ വിശ്വാസിയാകണമെന്നില്ല. എങ്കിലും നമ്മുടെ ബുദ്ധിയും ചിന്തയുമെല്ലാം വിശ്വാസത്തിന്റെ ആഴങ്ങളിലേയ്ക്കു നോക്കാൻ നമ്മെ ഏറെ സഹായിക്കുന്നു. ദൈവശാസ്ത്രം പഠിക്കുന്നതിനു മുമ്പ് തത്വശാസ്ത്രം പഠിക്കുന്നത്, ദൈവീക ജ്ഞാനത്തെ അരക്കിട്ട് ഉറപ്പിക്കുവാൻ സഹായിക്കുന്നു എന്നതുപോലെതന്നെയാണിതും – ബൗദ്ധികപഠനം വിശ്വാസജീവിതത്തെ ദൃഢമാക്കാൻ സഹായിക്കുന്നു.

**വിശ്വാസത്തിന്റെ ആഘോഷം** : വിശ്വാസജീവിതത്തിന്റെ ഓരോ ഘട്ടവും ദേവാലയത്തിൽ കൂദാശയായി അർപ്പിക്കുകയും വീടുകളിൽ അത് ആഘോഷിക്കുകയും ചെയ്യുന്നു. ആദ്യകുർബാന സ്വീകരണം, മാമ്മോദീസ, വിവാഹം എന്നീ കൂദാശകൾ ഇതിന് ഉദാഹരണങ്ങളാണ്. ഇടവകദേവാലയങ്ങളിലെ തിരുനാൾ ആഘോഷങ്ങൾ പെരുനാളായി കൊണ്ടാടുന്നതും വിശ്വാസജീവിതത്തിന്റെ ആഘോഷം തന്നെയാണ്.

**വിശ്വാസത്തിന്റെ പ്രഘോഷണം** : വാക്കിലൂടെയും പ്രവൃത്തിയിലൂടെയും നമ്മുടെ വിശ്വാസജീവിതം പ്രഘോഷിക്കപ്പെടണം. "നിങ്ങളുടെ വാക്കുകൾ നിങ്ങളുടെ പ്രവർത്തികളെക്കാൾ ഏറെ ശബ്ദിക്കുന്നു, അതുകൊണ്ട് നിങ്ങൾ പറയുന്നത് മനസ്സിലാകുന്നില്ല" എന്ന പഴമൊഴിപോലെ ആകരുത് നമ്മുടെ വിശ്വാസജീവിതം. വിശ്വാസത്തെക്കുറിച്ച് പറയുന്നതിലൂടെയാണ് മറ്റൊരാൾ അത് കേൾക്കാൻ ഇടയാകുന്നത്. അതിനാൽ വിശ്വാസം വാക്കിലൂടെ പ്രഘോഷിക്കപ്പെടണം. കേട്ട കാര്യങ്ങൾ വിശ്വാസഅധിഷ്ഠിതമായി പ്രവർത്തിക്കാനും സാധിക്കണം.

മുകളിൽ പറഞ്ഞ ഈ നാലു തലങ്ങളിലൂടെയുള്ള വളർച്ചയാണ് വിശ്വാസത്തിന്റെ സമഗ്രവളർച്ചയെന്നു പറയുന്നത് സമഗ്രമായ വിശ്വാസപരിശീലനം വിശുദ്ധമായ ജീവിതം നയിക്കുവാൻ നമ്മെ സഹായിക്കും. ■

"ജീവിക്കുന്ന വിശ്വാസത്തിനു മാത്രമേ ലോകത്തെ കീഴടക്കുവാൻ സാധിക്കൂ"



# മാനവികതയിലേയ്ക്ക് ഒരു ചുവട്



ഫാ. തേജസ് പീടികത്തുണ്ടിയിൽ ISch

**ബു**ധനാഴ്ച ദിവസങ്ങളിൽ കുർബ്ബാനയ്ക്കു ശേഷം കെരേത്താരോയിലെ ഷേൺസ്റ്റാട്ട് കപ്പേളയ്ക്ക് ചുറ്റുമുള്ള വിശാലമായ ക്യാമ്പസിൽ വളരെയേറെ കുട്ടികൾ, 30 ഓളം കുട്ടികൾ പ്രാർത്ഥനയും കളികളും ആക്റ്റിവിറ്റീസും ഒക്കെയായി ചിലവഴിക്കുന്നത് ശ്രദ്ധയിൽപ്പെട്ടു. ഒരു ദിവസം അവരെ പരിചയപ്പെടാനുള്ള ആകാംക്ഷയുമായി അവരെ സമീപിച്ചു. ആ കുട്ടികളുടെ മാതാപിതാക്കൾ ഹോം സ്കൂളിങ്ങ് ചെയ്യുന്നവരായിരുന്നു. അവരുടെ ആശയങ്ങൾ അവർ പങ്കുവെച്ചതുകേട്ടപ്പോൾ കൗതുകം തോന്നി. പിന്നീടുള്ള ആഴ്ച്ചകളിൽ അവരുമായി അടുത്തിടപഴകാനും കൂടുതൽ അറിയാനും സാധിച്ചു. ഹോം സ്കൂളിംഗ് നടത്തിയിരുന്ന 15 ഓളം കുടുംബങ്ങളിലെയും മാതാപിതാക്കൾ അവരുടെ വിദ്യാഭ്യാസ വിവരങ്ങൾ പങ്കുവെയ്ക്കുകയുണ്ടായി. എന്തുകൊണ്ട് ഹോം സ്കൂളിംഗ് എന്ന എന്റെ ചോദ്യത്തിന് അവർ നൽകിയ മറുപടി ചിന്തോദ്ദീപകമായിരുന്നു.



1. സ്കൂളിൽ നിന്നും പഠിക്കുന്നതിനേക്കാൾ കൂടുതൽ കാര്യക്ഷമതയോടെ അവർ വീട്ടിലിരുന്ന് പഠിക്കുന്നു.
2. നന്മയേക്കാൾ കൂടുതൽ തിന്മകൾ പഠിക്കുന്നു. സ്വഭാവമലിനീകരണം അതിവേഗം സംഭവിക്കുന്നു.
3. കുട്ടികളുടെ സഹജമായ നിഷ്ക്കളങ്കത അതിവേഗം അപ്രത്യക്ഷമാകുന്നു. ലൈംഗീകമായ കാര്യങ്ങളെക്കുറിച്ചുള്ള അറിവുകൾ അപക്വമായ പ്രായത്തിൽ തന്നെ നേടുന്നു. അവർക്ക് അവരുടെ ബാല്യം ജീവിക്കാൻ കഴിയാതെ കൗമാരവും യൗവ്വനവും നേരത്തെ ജീവിതത്തിലേക്ക് കടന്നെത്തുന്നു.
4. പരീക്ഷകളുടേയും, മാത്സര്യബുദ്ധിയുടേയും പാഠ്യപദ്ധതികളുടേയും അമിതഭാരം കുരുന്നു മനസ്സുകളിൽ അകാരണമായ ഉത്കണ്ഠയും ഭയവും നിറയ്ക്കുന്നു.
5. ലിബറൽ വിദ്യാഭ്യാസ സമ്പ്രദായരീതികളിലുള്ള എതിർപ്പ്
6. 12, 13 വയസ്സുകളിൽ തന്നെ ലൈംഗീക ബന്ധങ്ങളിലേക്ക് ആകർഷിക്കപ്പെടുന്ന കുട്ടികളെക്കുറിച്ചുള്ള ഉത്കണ്ഠ.
7. മൂല്യാധിഷ്ഠിത വിദ്യാഭ്യാസത്തിന്റെ അപര്യാപ്തത.
8. മതപരമായ മൂല്യങ്ങളും മതാഭിമുഖ്യതയും നിരസിക്കുന്നതിലുള്ള എതിർപ്പ്.

ഇങ്ങനെപോയി അവരുടെ അഭിപ്രായങ്ങൾ. ആധുനിക വിദ്യാഭ്യാസനയങ്ങളോടും രീതികളോടുമുള്ള എതിർപ്പ് വർദ്ധിക്കുന്ന കാലത്താണ് നാം ജീവിക്കുക- ഹോം സ്കൂളിംഗ് നടത്തുന്ന അമേരിക്കയിലേയും ലാറ്റിനമേരിക്കയിലേയും അനേകായിരങ്ങൾ ഈ എതിർപ്പിന്റെ ക്രിയാത്മക സാക്ഷ്യമാണ്. വിദ്യാഭ്യാസരംഗത്ത് അനിഷേധ്യമായ സംഭാവനകൾ നൽകിയവർ എന്ന സ്വകാര്യ അഹങ്കാരം പേറുന്ന ക്രൈസ്തവർക്ക് ഒരു വീണ്ടുവിചാരത്തിനുള്ള സമയം അതിക്രമിച്ചിരിക്കുന്നു എന്ന് തന്നെ പറയാം. പള്ളിക്കൂടങ്ങളിൽ നിന്ന് മോഡേൺ ഹൈടെക് സ്കൂളുകളിലേക്കുള്ള പരിവർത്തന പ്രക്രിയയിൽ നഷ്ടപ്പെട്ടുപോയതും അന്യം നിന്നു പോയതും അവഗണിക്കപ്പെട്ടതുമായ വിദ്യാഭ്യാസ മൂല്യങ്ങളിലേക്കും, നയങ്ങളിലേക്കും വിദ്യാഭ്യാസ നിർവചനത്തിലേക്കും വീണ്ടും കണ്ണോടിക്കാൻ സമയമായിരിക്കുന്നു, സമയം അധികരിച്ചിരിക്കുന്നു. വിദ്യാഭ്യാസത്തിന്റെ അർത്ഥത്തിലേക്കും ലക്ഷ്യത്തിലേക്കും തന്നെയാണ് ആദ്യം വീണ്ടുവിചാരം നടത്തേണ്ടത്.

രണ്ടാം ലോക മഹായുദ്ധാവസാനം നാസി തടങ്കൽ പാളയത്തിൽ കണ്ടെത്തിയ ഒരു കത്ത് അദ്ധ്യാപകരെ ഇങ്ങനെ അഭിസംബോധന ചെയ്തിരുന്നു.

'പ്രിയ അധ്യാപിക,

ഞാൻ ഒരു നാസി തടങ്കൽ പാളയത്തിൽ നിന്ന് രക്ഷപ്പെട്ടയാളാണ്. ആരും സാക്ഷ്യം വഹിക്കാത്തത് എന്റെ കണ്ണുകൾ കണ്ടു. പഠിച്ച എൻജിനീയർമാർ നിർമ്മിച്ച ഗ്യാസ് ചേംബറുകൾ, വിദ്യാസമ്പന്നരായ ഡോക്ടർമാരാൽ വിഷം കുത്തിവച്ച് കൊല്ലപ്പെടുന്ന സ്ത്രീകൾ, പരിശീലനം ലഭിച്ച നഴ്സുമാർ ശിശുക്കളെ കൊല്ലുന്നു, കോളേജ് ബിരുദധാരികൾ യഹൂദ കുടുംബാംഗങ്ങളെ വെടിവെച്ചു കൊല്ലുന്നു. അതിനാൽ എനിക്ക് വിദ്യാഭ്യാസത്തെക്കുറിച്ച് സംശയമുണ്ട്. എന്റെ അഭ്യർത്ഥന നിങ്ങളുടെ വിദ്യാർത്ഥികളെ മനുഷ്യരാകാൻ സഹായിക്കുക എന്നതാണ്. നിങ്ങളുടെ ശ്രമങ്ങൾ ഒരിക്കലും, പഠിച്ച രാക്ഷസന്മാരെയും, വിദഗ്ദ്ധരായ മനോരോഗികളേയും വിദ്യാസമ്പന്നരായ അനധികൃതരേയും, സംസ്കാരശൂന്യരേയും സൃഷ്ടിക്കൽ ആകരുത്. നമ്മുടെ കുട്ടികളെ കൂടുതൽ മാനവികരാക്കാൻ സഹായിച്ചാൽ മാത്രമേ വായന, എഴുത്ത്, ഗണിതം, ശാസ്ത്രം എന്നിവക്ക് പ്രാധാന്യമുള്ളൂ.



രണ്ടാം ലോക മഹായുദ്ധകാലം കഴിഞ്ഞ് ഇക്കാലത്തെത്തി നിൽക്കുമ്പോഴും അക്രമങ്ങളും അഴിമതിയും ജാതി വംശീയ ലഹളകളും, പീഢനങ്ങളും മാനവികതയിലൂന്നിയ സമഗ്രവിദ്യാഭ്യാസത്തിന്റെ അനിവാര്യതയാണ് ചൂണ്ടിക്കാണിക്കുന്നത്. മഹാത്മാഗാന്ധി പറയുന്നു. "വിദ്യാഭ്യാസത്തിലൂടെ ഞാൻ ഉദ്ദേശിക്കുന്നത് ഒരു കുട്ടി ശരീരം, മനസ്സ്, ആത്മാവ് എന്നിവയിലെ ഏറ്റവും മികച്ചത് പുറത്തെടുക്കുക എന്നതാണ്.

UNESCO വിദ്യാഭ്യാസത്തിന്റെ നാല് നെടും തൂണുകളെക്കുറിച്ച് പറയുന്നുണ്ട്.

1. Learning to know- അറിവ് നേടാനുള്ള പഠനം
2. Learning to do-പ്രായോഗികമായി ചെയ്യാനുള്ള പഠനം
3. Learning to live together -സഹവർത്തിത്വത്തിനുള്ള ഒരുമിച്ചു ജീവിക്കാനുള്ള പഠനം



4. Learning to be -സ്വയം സാക്ഷാത്ക്കരിക്കാനുള്ള പഠനം

വിദ്യാഭ്യാസത്തിന്റെ ഈ നാല് നെടുംതൂണുകൾ ജീവിതത്തിൽ സാക്ഷാത്കരിക്കുമ്പോൾ ഒരു വ്യക്തി ജീവിതവിജയം കൈവരിക്കുന്നു എന്നാണ് UNESCO യുടെ അഭിപ്രായം.

എക്കാലത്തേയും മഹാനായ ചിന്തകൻ സോക്രട്ടീസ് പറയുന്നത്. ദൈനംദിന ജീവിതത്തിലെ പ്രശ്നങ്ങളെ യുക്തിപൂർവം നേരിടുന്നവർ, എല്ലാവരോടും മാന്യമായി പെരുമാറുന്നവർ, മറ്റുള്ളവരോട് സഹിഷ്ണുത പുലർത്തുന്നവർ, പരമാവധി സഹജീവികളോട് വിവേകപൂർവ്വം പ്രവർത്തിക്കുന്നവർ ഇവരാണ് വിദ്യാസമ്പന്നർ. ശ്രീ ബുദ്ധൻ പറയുക സംതൃപ്തിയുടേയും സന്തോഷത്തിന്റേയും ജീവിതം സ്വായത്തമാക്കാൻ ശരിയായ ജ്ഞാനം സമ്പാദിക്കുക എന്നത്രേ. അതിനായി അദ്ദേഹം അഷ്ടാംഗ മാർഗ്ഗം നിർദ്ദേശിക്കുന്നു.

1. The right view –സമ്യക് ദൃഷ്ടി: ജീവിതത്തിൽ സത്യാന്വേഷിയാകുക.
2. The right resolve സത്യജ്ഞാനം: ജീവിത നവീകരണത്തിന് കാരണമാക്കുക.
3. The right speech: സത്യഭാഷണത്തിനും സദുപദേശത്തിനും മാത്രം പ്രാധാന്യം കൊടുത്ത് നന്മയ്ക്കുവേണ്ടി മാത്രം വാക്കുകൾ ഉപയോഗിക്കുക.
4. The right conduct: കർമ്മങ്ങളിൽ ന്യായവും ധർമ്മവും വീക്ഷിച്ച് ശുദ്ധമായ കർമ്മങ്ങളുടെ അനുഷ്ഠാനം.
5. The right livilihood: ഉപജീവനത്തിന് പോലും സത്യസന്ധത ഇല്ലാത്ത മാർഗങ്ങൾ

ഉപയോഗിക്കാതിരിക്കുക.

6. The right effort: സത്ചിന്തകളെ പോഷിപ്പിക്കുക.
7. The right mindfulness: ആത്മനിയന്ത്രണം ശീലിക്കുക.
8. The right concentration: ആന്തരീക ശാന്തിയിൽ ശ്രദ്ധവെച്ച് സന്തോഷവും നിസ്സംഗതയും അനുഭവിക്കാൻ ശീലിക്കുക.

ഇത്രയൊക്കെ പറഞ്ഞത് Why he will find out his own How's എന്ന് പറയാനാണ്. എന്തിന് എന്ന് അറിയണമെങ്കിൽ എങ്ങനെ എന്നുള്ളത് അവൻ സ്വയം കണ്ടെത്തിക്കൊള്ളുമെന്ന്. ഈ Why എന്തിന് പഠിക്കുന്നു, ലക്ഷ്യം അറിയാതെ വരുമ്പോൾ അലക്ഷ്യമായ അലച്ചിലായി വിദ്യാഭ്യാസം മാറുന്നു. അതുകൊണ്ടാണ് ആരോ ഒരു വിവേകി എഴുതിയത് tution അല്ല intuition ആണ് വേണ്ടത് എന്ന്. പതഞ്ജലി മഹർഷി യോഗസൂത്രത്തിൽ പറയുന്നു. "മഹത്തായ ഒരു ലക്ഷ്യമോ അസാധാരണമായൊരു പദ്ധതിയോ നിങ്ങൾക്ക് പ്രചോദനമേകുമ്പോൾ നിങ്ങളുടെ ചിന്തകൾ അവയുടെ അതിർത്തികൾ കടന്നു ചെല്ലും. നിങ്ങളുടെ മനസ്സ് പരിമിതികളെ ഉല്ലംഘിക്കും. നിങ്ങളുടെ ബോധമണ്ഡലം നാലു ദിക്കുകളിലേക്കും വികസിക്കും. പുതിയ മഹത്തായ, അത്ഭുതകരമായ ഒരു ലോകത്ത് നിങ്ങളെത്തിച്ചേരും. സുഷുപ്താവസ്ഥയിലുള്ള ശക്തികളും കഴിവുകളും വാസനകളും ഉയർത്തെഴുന്നേൽക്കും. നിങ്ങൾ സ്വപ്നത്തിൽ പോലും കരുതാത്തത്ര മഹത്വമുള്ളൊരു വ്യക്തിയാണ് നിങ്ങളെന്ന് സ്വയം കണ്ടെത്തും. എല്ലാവർക്കും നന്മ വരട്ടെ. ■



## കാഴ്ചപ്പാട്

*സ്കൂളിൽ കൊച്ചുകുട്ടികളുടെ കായിക മത്സരങ്ങൾ നടക്കുകയാണ്. ഒരു കൊച്ചുമിടുക്കൻ ഓടാൻ തുടങ്ങുന്നതിനു മുമ്പ് തീവ്രമായ പ്രാർത്ഥിക്കുന്നത് ടീച്ചറിന്റെ ശ്രദ്ധയിൽപ്പെട്ടു. എങ്കിലും മത്സരത്തിൽ അവൻ തോറ്റു. അവനെ ആശ്വസിപ്പിക്കണം എന്ന് അദ്ധ്യാപികയ്ക്ക് തോന്നി.*

*" ഇത്ര പ്രാർത്ഥിച്ചിട്ടും നീ തോറ്റുപോയല്ലോ കുഞ്ഞേ, സാരമില്ല അടുത്ത പ്രാവശ്യം ജയിക്കാം."*

*അവന്റെ ചിന്ത മറ്റൊന്നായിരുന്നു: "ടീച്ചർ, ഞാൻ ജയിക്കാൻ വേണ്ടിയായിരുന്നില്ല പ്രാർത്ഥിച്ചത്; തോറ്റാൽ കരയാതിരിക്കാൻ വേണ്ടിയായിരുന്നു."*





# അറിവും തിരിച്ചറിവും



സുനീഷ
(പഴശ്ശിരാജാ കോളേജ്, പുൽപ്പള്ളി)

**യേ**ശുവിന്റെ ജനനത്തിൽ നാം കാണുന്ന ഒന്നാണ് ജ്ഞാനികളുടെ വരവ്. കിഴക്കുദിച്ച താരകത്തെ കണ്ട് രക്ഷകൻ ജനിച്ചിരിക്കുന്നു എന്ന സദ്വാർത്തയിൽ ലോകം ദർശിക്കുന്നതിനു മുൻപ് തന്നെ ഇറങ്ങിത്തിരിച്ച മൂന്നു ജ്ഞാനികൾ. മാനത്തുദിച്ച ആ പ്രത്യേക നക്ഷത്രത്തെ അന്ന് ഒരുപാടാളുകൾ കണ്ടിട്ടുണ്ടായിരുന്നിരിക്കണം,നോക്കി നിന്നു ആസ്വദിച്ചിട്ടുമുണ്ടായിരുന്നിരിക്കണം; പക്ഷേ ആരും അതിന്റെ പൊരുളന്വേഷിച്ചു പോയില്ല. അത് മനസ്സിലാക്കിയവരോ വളരെ ചുരുക്കം മാത്രം. ദർശനങ്ങളുടെ അർത്ഥം എല്ലാവർക്കും അറിയുവാൻ സാധിക്കില്ല. അതിനു പ്രത്യേക അറിവ് ആവശ്യമാണ്. അതുകൊണ്ട് തന്നെയാണ് വി. ഗ്രന്ഥത്തിൽ ആ നക്ഷത്ര ശോഭയുടെ ഉറവിടമന്വേഷിച്ചു വന്നവരെ 'ജ്ഞാനികൾ 'എന്ന് വിശേഷിപ്പിച്ചിരിക്കുന്നതും. Wisdom എന്ന ജ്ഞാനത്തെ പഠിപ്പിച്ചിരുന്ന ഒരു വിദ്യാലയവും അന്നുള്ളതായി നാം കേട്ടിട്ടില്ല. പക്ഷേ ആ അറിവ് ഗ്രഹിക്കുവാനും മനസ്സിലാക്കുവാനുമുള്ള ശേഷി ഒരു പക്ഷേ വിശാലമായ വായനകളിൽ നിന്നും വാമൊഴിയായി പകർന്നു കിട്ടിയ ചില വസ്തുതകളിൽ നിന്നുമൊക്കെയാകാം.

കാലം ഒരുപാടു പിന്നിട്ടു. ആകാശത്തിലെ അനേകായിരം നക്ഷത്ര ഗണങ്ങൾക്കും സൗരയൂഥത്തിലെ ഗ്രഹങ്ങൾക്കും മനുഷ്യർ പേരുകൾ കൊടുത്തു. അന്യ ഗ്രഹങ്ങളിലെ ജീവന്റെ സാന്നിധ്യത്തെക്കുറിച്ചും മനുഷ്യന്റെ അമർത്യതയെക്കുറിച്ചുമെല്ലാം വിശാലമായ പഠനങ്ങൾ വരെ നടന്നുകൊണ്ടിരിക്കുന്നു. ഇതെല്ലാം സാധ്യമായതിനു പിന്നിലെ ഒറ്റവാക്കിനെ നമുക്ക് education അല്ലെങ്കിൽ വിദ്യാഭ്യാസമെന്നു വിളിക്കാം. വലിയ ദർശനങ്ങളെ മുതൽ എഴുത്തു പഠിക്കുന്ന അക്ഷര കളരിയിലെ പഠനങ്ങളെ വരെ വിദ്യാഭ്യാസമെന്ന ഒറ്റ വാക്കിൽ ഒതുങ്ങി നിൽക്കുന്നുണ്ടെങ്കിലും ഏറ്റവും ബൃഹത്തും സങ്കീർണവുമായ ഒരു വലിയ പ്രക്രിയയായി മാറിക്കൊണ്ടിരിക്കുകയാണിന്നു അറിവിന്റെ ബോധനം.

'Educare'എന്ന ലാറ്റിൻ പദത്തിന്റെ അർത്ഥം 'to bring up', ഉള്ളിലുള്ളതിനെ പുറത്തെടുക്കുക എന്നതാണ്. പുറമെ നിന്ന് കൊടുക്കുന്ന ബോധന ക്രിയകൾ എന്തു തന്നെയായാലും ഉള്ളിലുള്ള നന്മയെ, ജ്ഞാനത്തെ പുറത്തേക്കെടുത്തു തേച്ചു മിനുക്കി, ഉരച്ചു പതം വരുത്തി ഏറ്റം മനോഹരമാക്കുന്നതിനെയാണ് വിദ്യാഭ്യാസമെന്നതുകൊണ്ടർത്ഥമാക്കുന്നത്. കാലം മാറി വരുന്നതിന്റെ കൂടെ വിദ്യാഭ്യാസത്തിന്റെ മാനങ്ങളും മാറി വരുന്നുണ്ട്. വിവരങ്ങളുടെ ഒരു വലിയ ശൃംഖലയെ മുഴുവനായും ഏറ്റെടുത്ത് എന്തിനെയും ഏതിനെയും ശേഖരിച്ചു വെക്കുന്നതാണ് പുതിയ വിദ്യാഭ്യാസം. ഇൻഫർമേഷൻ എന്ന വിവരങ്ങളെ അടിസ്ഥാനപ്പെടുത്തി മാത്രമാണ് ചരി

ത്രത്തിലെ മുന്നേറ്റങ്ങളുടെ നാഴിക കല്ലുകൾ നാം അടയാളപ്പെടുത്തിയിരിക്കുന്നതും.അതുകൊണ്ട് തന്നെയാണ് ഒരു സാധാ വിദ്യാഭ്യാസമെന്ന ആശയം ആർക്കും സ്വീകാര്യമല്ലാതായി മാറിയതും. ഏറ്റവും ചെറിയ പ്രായത്തിൽ തന്നെ എത്രയധികം അറിവുകളും വിദ്യകളും തങ്ങളുടെ മക്കളിൽ കുത്തിനിറയ്ക്കാമെന്ന് മാതാപിതാക്കളും അധ്യാപകരും ഗവേഷണം നടത്തിക്കൊണ്ടിരിക്കുകയാണ്. ജനിച്ചു വീഴുന്ന അന്നുമുതൽ വെർച്വൽ സ്ക്രീനിൽ തെളിയുന്ന വിവരങ്ങളെ ശേഖരിച്ചു ബുദ്ധിയിൽ നിറയ്ക്കുന്ന ഒരു കുട്ടിയെ സംബന്ധിച്ചിടത്തോളം തങ്ങൾക്കു ലഭിച്ചിരിക്കുന്ന അറിവിനെ എങ്ങനെ, എന്തിന്, എപ്പോൾ ഉപയോഗിക്കണമെന്ന തിരിച്ചറിവുണ്ടാകുമ്പോൾ മാത്രമാണ് അത് യഥാർത്ഥ വിദ്യാഭ്യാസമാവുകയുള്ളൂ. ആ അറിവിനെ തിരിച്ചറിയുമ്പോളാണ് വിദ്യാഭ്യാസത്തിന്റെ യഥാർത്ഥ ലക്ഷ്യങ്ങൾ സാക്ഷാത് കരിക്കപ്പെടുകയുള്ളു.ശേഖരിച്ചു വെയ്ക്കാനുള്ളതല്ല അറിവ്. മറിച്ച് ഏറ്റവും അവശ്യ നേരത്ത് ഉപയോഗിക്കുവാനും സമൂഹത്തിനു നന്മയുണ്ടാകുന്നതുമായിരിക്കണം. അങ്ങനെയുള്ള വിദ്യാഭ്യാസം കൊണ്ടുമാത്രമേ നാളത്തെ ജ്ഞാനികളെ, ദാർശനികരെ രൂപപ്പെടുത്തുവാൻ സാധിക്കൂ. ഉള്ളത് സൂക്ഷിച്ചു വെയ്ക്കാതെ ക്രിയാത്മകമായി അപരന്റെ വളർച്ചയ്ക്കു ഉപകരിക്കുമ്പോൾ മാത്രമേ അറിവിൽ ദൈവാംശമുണ്ടാകൂ. അങ്ങനെയുള്ളവരുടെ മുന്നിലേ അവിടുന്നു ജ്ഞാനത്തിന്റെ പ്രകാശമായി ഉദിച്ചുയരുകയുള്ളു.

പുതിയ ലോകവും പുതിയ കാഴ്ചപ്പാടുകളുമുണ്ടാകുമ്പോൾ മുന്നിലുള്ള അനന്ത സാധ്യതകളെ തള്ളിക്കളയണമെന്നല്ല



അവയെ എങ്ങനെ മനുഷ്യരാശിയുടെ നന്മയ്ക്കുതകുന്ന തരത്തിലേക്ക് രൂപഭേദം വരുത്താമെന്ന ഗവേഷണത്തിനാണ് കൂടുതൽ പ്രാധാന്യം കൊടുക്കേണ്ടത്.

കാഴ്ചകൾ മറയുമ്പോൾ കണ്ണുകളടച്ചു ഉള്ളിലുള്ള ജ്ഞാനത്തെ പുറത്തെടുക്കുമ്പോളാണ് ദർനങ്ങളുണ്ടാകുന്നത്. അങ്ങനെയുള്ള ദാർശനികരെ വാർത്തെടുക്കുമ്പോളാണ് മുൻപിലൂടെ നടന്നു നീങ്ങുന്ന ഒരു ചെറിയ ഉറുമ്പിന് പോലും തങ്ങൾ ഭക്ഷിക്കുന്ന അരിമണി തന്നെയാണ് ആഹാരമെന്നു തിരിച്ചറിയുവാൻ സാധിക്കുക. ഉന്നതങ്ങളിലെ ഇതുവരെ കണ്ടുപിടിക്കപ്പെടാത്ത നക്ഷത്രഗണത്തെ തിരയുന്ന കണ്ണുകൾ താഴെയുള്ള മൺ തരികൾക്കടിയിലുള്ള കുഴിയാനകളെയും അതേ കണ്ണുകളടച്ചു ഊതി പുറത്തെടുത്തു കാണുവാൻ സാധിക്കണം. എങ്കിൽ മാത്രമേ യഥാർത്ഥ ജ്ഞാനത്തിന്റെ ഉറവിടം വെളിച്ചമായി നിങ്ങളുടെ മുൻപിൽ ഉദിച്ചുയരുകയുള്ളൂ. ●

# നൈസർഗ്ഗീക ജീവിത രീതി

(Organic way of life - According to Fr. Joseph Kentenich
Founder of Schoenstatt International)



ഫാ. സഹായകുമാർ ISch

**നാം** വസിക്കുന്ന ഭൂമിയെ അമ്മയായും പ്രകൃതിയെ ഒരു ദേവതയായും കണക്കാക്കുന്ന രാജ്യമാണ് നമ്മുടെ ഭാരതം. പ്രകൃതിയോടും ദൈവത്തോടും യോജിച്ച് ജീവിക്കുന്നത് നമ്മുടെ സംസ്കാരത്തിന്റെ പ്രധാന ഭാഗവുമാണ്. പ്രകൃതി, ശരീരം, മനസ്സ്, ആത്മാവ് ഇവ പരസ്പരം ബന്ധപ്പെട്ടവയാണ് എന്ന നമ്മുടെ ഭാരതീയ ചിന്തയെ കൂടുതൽ ദീപ്തമാക്കുന്നതാണ് കെന്റണിക്കച്ചന്റെ നൈസർഗ്ഗീക ജീവിത രീതിയെക്കുറിച്ചുള്ള ദർശനങ്ങൾ. നൈസർഗ്ഗികം (organic) എന്ന വാക്കിന്റെ അർത്ഥം സ്വഭാവികമായത്, പ്രകൃത്യാലുള്ളത്, സഹജമായ, സ്വതസിദ്ധമായ, കൃത്രിമം ഇല്ലാത്തത് എന്നെല്ലാമാണ്.

ബൗദ്ധികവും ധാർമ്മികവും അതീന്ദ്രിയവും ജീവശാസ്ത്രപരവും മനശാസ്ത്രപരവുമായ തലങ്ങൾ കൂടിചേർന്നതാണ് മനുഷ്യന്റെ ജീവിതം. ആയതിനാൽ, മനുഷ്യന്റെ സമഗ്രതയെ മനസ്സിലാക്കാൻ ശ്രമിക്കുമ്പോൾ മേൽപറഞ്ഞ പരസ്പര പൂരകങ്ങളായ എല്ലാ ഘടകങ്ങളുടെയും സമ്പൂർണ്ണതയെ വിലമതിക്കേണ്ടതുണ്ട്. മനുഷ്യനെ ബുദ്ധിമാത്രം ഉള്ളവൻ എന്നോ, മനസ്സു മാത്രം ഉള്ളവൻ എന്നോ കല്പിച്ച്, മനുഷ്യന്റെ സമഗ്രതയെ മനസ്സിലാക്കാൻ കഴിയുകയില്ല. ഇത് ഒരു പ്രകൃതിയാണ്. ഇതിലെ വിവിധ ഘട്ടങ്ങളാണ് നൈസർഗ്ഗികമായ ചിന്ത (organic thinking) നൈസർഗ്ഗികമായ സ്നേഹം (organic love) നൈസർഗ്ഗികമായ ജീവിതം (organic life) എന്ന് ഷേൺസ്റ്റാട്ട് സ്ഥാപക പിതാവായ ഫാ. ജോസഫ് കെന്റണിഹ് പ്രതിപാദിക്കുന്നു.

നമ്മുടെ ജീവിതത്തിന്റെ സുപ്രധാന ഭാഗം നമ്മുടെ ആന്തരിക ജീവിതമാണ്. എന്നാൽ പലപ്പോഴും ഈ മേഖല അവഗണിക്കപ്പെടുകയും ചെയ്യുന്നു. എന്താണ് എന്നെ പ്രചോദിപ്പിക്കുന്നത്, ഞാൻ സന്തോഷവാനാണോ, ഞാൻ ചെയ്യുന്ന കാര്യങ്ങളിൽ എനിക്ക് സംതൃപ്തി ലഭിക്കുന്നുണ്ടോ, അതോ എന്റെ ദിനചര്യകളിലൂടെ ഞാൻ യാന്ത്രികമായി കടന്നുപോവുകയാണോ. എന്നീ ചോദ്യങ്ങൾ നമ്മുടെ ആന്തരിക ജീവിതവുമായി ബന്ധപ്പെട്ടതാണ്. ഓരോ വ്യക്തിയുടെയും ജീവിതം വിലപ്പെട്ടതും സമാനതകളില്ലാത്തതുമാണ്. ഓരോ വ്യക്തിക്കും അവരുടേതായ പ്രത്യേകതകൾ ഉണ്ട്. ഓരോ വ്യക്തിയും വ്യത്യസ്ത കുടുംബങ്ങളിലും സാഹചര്യങ്ങളിലും പരിസ്ഥിതികളിലും ജനിക്കുകയും വളരുകയും ചെയ്യുന്നു. അതെല്ലാം ദൈവദാനമാണ്.

ഇത്തരമൊരു ജീവിതം, അത് എന്തിനുവേണ്ടി സൃഷ്ടിക്കപ്പെട്ടിരിക്കുന്നുവോ അതിലേക്ക് ജീവിതത്തെ നയിക്കുക എന്നതാണ് നമുക്ക് ചെയ്യുവാനുള്ളത്. ഇങ്ങനെ നോക്കുമ്പോൾ ജീവിതം ഒരു പ്രക്രിയയാണ്. ഈ ജീവിതപ്രക്രിയയിൽ മുമ്പ് സൂചിപ്പിച്ച എല്ലാ തലങ്ങളും ഉൾപ്പെടുന്നു. നമ്മുടെ ജീവിതത്തിന്റെ എല്ലാ പ്രവർത്തനങ്ങളും ശരീരം, ആത്മാവ്,

കൃപ എന്നിവയുമായി ബന്ധപ്പെട്ടിരിക്കുന്നു. ജീവിതത്തിന്റെ സമഗ്രതയെ മനസ്സിലാക്കാൻ ശരീരം, ആത്മാവ്, കൃപ എന്നിവയുടെ പരസ്പര ബന്ധങ്ങളെയും ഒരു വ്യക്തിയിലുണ്ടാവുന്ന ഇവയുടെ വളർച്ചയും സ്ഥിരതയും എല്ലാം അപ ഗ്രഥിക്കുവാനുമായി കെന്റണിക്കച്ചൻ ഉപയോ ഗിക്കുന്ന പദം നൈസർഗ്ഗിക ജീവിതം (organic life) എന്നാണ്.

ഓർഗാനിക് എന്ന പദം ജീവശാസ്ത്രപര മായി മനസ്സിലാക്കാൻ എളുപ്പമാണ്. വ്യത്യസ്ത കോശങ്ങൾ, തന്മാത്രകൾ, ശക്തി, ബലം, ചല നാത്മകത എന്നിവയെല്ലാം ചേർന്നുള്ള ഓർഗാ നിസമാണ് ജന്തുലോകത്തിനുള്ളത്. കോശങ്ങ ളുടെ അനിയന്ത്രിതമായ വളർച്ച ക്യാൻസർപോലുള്ള രോഗത്തിന് കാരണമാ കുന്നു എന്നും ശരീരത്തിന്റെ ഏതെങ്കിലും ഒരു ഭാഗത്ത് മുറിവേറ്റാൽ ശരീരം മുഴുവൻ അത് ബാധിക്കും എന്നും നമുക്കറിയാം. പരസ്പരം ബന്ധിതമായ ശരീരത്തിന്റെ ഓർഗാനിസ ത്തിന്റെ പ്രത്യേകതയാണിത്. ശരീരത്തിലാ കട്ടെ ഒരു മൂലകമോ, ലവണമോ ചില കണ ങ്ങളോ ഇല്ലാതാകുകയോ കൂടുതലാകുകയോ ചെയ്യുമ്പോൾ ജീവനുള്ളവയ്ക്ക് മരണമോ വളർച്ചയോ സംഭവിച്ചേക്കാം, ജീവനില്ലാത്തവ യാണെങ്കിൽ അവയ്ക്ക് നാശമോ ഘടനാപര മായ മാറ്റമോ സംഭവിക്കാം. നൈസർഗ്ഗിക വളർച്ചയിൽ വിവിധ ഘടകങ്ങളുടെ ഏകോപനം അനിവാര്യമാണ് എന്ന് ഇതിൽനിന്ന് വ്യക്തമാ ണല്ലേ. ശരീരത്തെപ്പററിയും മനസ്സിനെപ്പറ്റിയു മെല്ലാം ഏറെ പഠനങ്ങളും അവയെ എങ്ങനെ സമന്വയിപ്പിക്കണമെന്നും മനസ്സിലാക്കിയിട്ടു ണ്ട്. എന്നാൽ ശരീരത്തെയും ആത്മാവിനെയും സമന്വയിപ്പിക്കുവാനുള്ള നമ്മുടെ പരിശ്രമം ആജീവനാന്ത കടമയാണ്. ഈ കടമ നിർവ്വഹി ക്കുന്നതിൽ നമ്മുടെ വ്യക്തിസ്വാതന്ത്ര്യം എത്ര മാത്രം നമ്മെ പ്രാപ്തരാക്കുന്നു എന്നതും വലിയ ഒരു ചോദ്യമാണ്.




മനുഷ്യജീവിതത്തിൽ ശരീരത്തിന്റെയും ആത്മാവിന്റെയും ഐക്യവും സംയോജനവും എത്രമാത്രം പ്രധാനപ്പെട്ടതാണ് എന്ന് വി. മത്താ യിയുടെ സുവിശേഷഭാഗം നമ്മെ ഓർമ്മപ്പെടു ത്തുന്നു. "ആത്മാവ് സന്നദ്ധമെങ്കിലും ശരീരം ബലഹീനമാണ്"(മത്താ.26:41). നമ്മുടെ അനുദി നജീവിതത്തിൽനിന്നും അനവധി ഉദാഹരണ ങ്ങൾ ഇതുമായി ബന്ധപ്പെട്ട് നമുക്ക് കണ്ടെ ത്താൻ കഴിയും. നമ്മൾ എടുക്കുന്ന പല തീരു മാനങ്ങൾ : സമയനിഷ്ഠ പാലിക്കുക, ക്ഷിപ്ര കോപം ഒഴിവാക്കുക തുടങ്ങിയ പല കാര്യങ്ങൾ. എന്നാൽ ആത്മശരീര ഐക്യത്തിൽ ഇത്തരം തിരുമാനങ്ങളെ നടപ്പിലാക്കുക എത്ര പ്രയാസ കരമാണ് എന്നും നമുക്കറിയാം.

ആത്മ-ശരീര ഏകോപനത്തിന് വിഘാത മായി നിലകൊള്ളുന്നത് നമ്മുടെ തോന്നലുകളെ (impressions) ബോധ്യങ്ങളായി രൂപപ്പെടുത്തുന്ന

തിനുള്ള പോരായ്മയാണ്. ഒരുവന്റെ ചുറ്റുപാടിൽനിന്നുള്ള വിവരങ്ങൾ, പ്രവർത്തനങ്ങൾ എന്നിവയാൽ ആ വ്യക്തി സ്വാധീനിക്കപ്പെടുന്നു. നമ്മുടെ ചുറ്റുപാടിൽനിന്നുള്ള സ്വാധീനങ്ങളിൽ വലിയ ഒരു പങ്ക് വഹിക്കുന്നത് സമൂഹമാധ്യമങ്ങളാണ്. ഒരു ഉദാഹരണം ഇതാണ്: സിനിമകൾ വിനോദത്തിനുള്ളതാണ്. എന്നാലും ഇത് നമ്മുടെ ആത്മാവിൽ എത്രമാത്രം മതിപ്പ്-തോന്നൽ (impression) ഉളവാക്കുന്നു എന്നതാണ് നാം പരിശോധിക്കേണ്ടത്. ഒരു സിനിമ എന്നിൽ അവശേഷിപ്പിച്ച പ്രതീതി എന്താണ്? നമ്മുടെ സമൂഹത്തിൽനിന്നും ലഭിക്കുന്ന വ്യത്യസ്ത വാർത്തകളും വിവരങ്ങളുമെല്ലാം ഇതുപോലെ തന്നെ നമ്മിൽ പല തരത്തിലുള്ള തോന്നലുകൽ/മതിപ്പുകൾ ഉളവാക്കുന്നില്ലേ? ഈ തോന്നലുകളും മതിപ്പുകളുമെല്ലാം ഏതു വിധത്തിലാണ് എന്റെ ആത്മാവിനെ ബാധിക്കുന്നത് എന്ന് അപഗ്രഥിക്കുമ്പോഴാണ് ആത്മ-ശരീര ഐക്യം രൂപപ്പെടുത്തുന്നതിൽ തോന്നലുകളുടെ അഥവാ മതിപ്പുകളുടെ പങ്ക് മനസ്സിലാക്കാൻ കഴിയുന്നത്.

ചുരുക്കത്തിൽ, എന്റെ ചുറ്റുപാടുകളിൽനിന്നും - പ്രത്യേകിച്ച് മാധ്യമങ്ങളിലൂടെ എനിക്ക് ലഭിക്കുന്ന തോന്നലുകളിലൂടെയാണ് ഞാൻ ജീവിക്കുന്നതെങ്കിൽ നമ്മുടെ ജീവിതം രൂപപ്പെടുകയോ മെച്ചപ്പെടുകയോ ഇല്ല. മറിച്ച് എന്റെ തോന്നലുകളിൽനിന്നും ബോധ്യങ്ങളിലേക്കും ദൃഢനിശ്ചയത്തിലേക്കും വളരുക (from information to impression and from impression to conviction) അത്യാവശ്യമാണ്. നിത്യേന നമുക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന വാർത്തകളും സൂചനകളും അവയിലൂടെ നമുക്കുണ്ടാകുന്ന തോന്നലുകളും നമ്മുടെ ആന്തരികജീവിതത്തെ നിഷ്ക്രിയമാക്കരുത്. മറിച്ച്,



എന്റെ ആന്തരികമായ ജീവിതം എന്റെ ബാഹ്യജീവിതവുമായി പൊരുത്തപ്പെടുന്നുവെന്ന് പ്രതിഫലിപ്പിക്കാൻ എനിക്ക് സാധിക്കണം. അപ്പോഴാണ് വെറും തോന്നലുകളിൽനിന്നും ബോധ്യങ്ങളിലേക്ക് ഉയരാനും ബോധ്യമായത് പറയാനും ചെയ്യുവാനുമുള്ള ആർജ്ജവം കൈവരുന്നത്. ഇതാണ് കെന്റണിക്കച്ചൻ അർത്ഥമാക്കുന്ന നൈസർഗ്ഗിക ജീവിതരീതി (കൃത്രിമം ഇല്ലാത്ത, സഹജമായ, സ്വാഭാവികമായ (organic way of life) ജീവിതരീതി. ഇത് ഒരു ജീവിത പ്രക്രിയയാണ്; ആജീവനാന്തം സംഭവിച്ചുകൊണ്ടേയിരിക്കേണ്ടതുമാണ്.

---

Organic way of life According to Fr.Kentenich എന്ന ഇംഗ്ലീഷ് ലേഖനത്തിന്റെ പരിഭാഷ തയ്യാറാക്കിയത്
**ഫാ. റോബിൻ ചമ്പന്നൂക്കാരൻ Isch** ●



# ഹൃദയം
## ഹൃദയത്തോട് മന്ത്രിക്കുമ്പോൾ

**സി. സന്ദീപ SIC**
തിരുവനന്തപുരം

'**ക**രുണയുള്ള തിരുഹൃദയത്തിന്റെ അപ്പോസ്തോലൻ ആകുക' വിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപാപ്പ ലോക ജനതയോടു ആഹ്വാനം ചെയ്തത് ഇപ്രകാരം ആയിരുന്നു. ഹൃദയം എന്ന വാക്ക് തന്നെ എവരിലും അനേക വികാരങ്ങൾ ഉണർത്തുന്നു; ഒപ്പം ഹൃദയം അനേക വികാരങ്ങളുടെ ഇരിപ്പിടവും. നിഷ്കളങ്ക സ്നേഹത്തെ സൂചിപ്പിക്കാൻ ലോകം മാറ്റിവെച്ചിരിക്കുന്ന അടയാളവും ഹൃദയത്തിന്റേതു തന്നെ. സ്നേഹം ഉള്ളിൽ നിറക്കാത്തവന് നാം പേരിട്ടിരിക്കുന്നു 'ഹൃദയശൂന്യൻ'. ക്രിസ്തുവിന്റെ ഹൃദയം തുടിച്ചതു സ്നേഹിക്കാൻ വേണ്ടി ആയിരുന്നു. തള്ളിപ്പറയുന്നവന് അധിക സ്ഥാനവും, ഒറ്റു കൊടുക്കുന്നവനു ഒന്നാം സ്ഥാനവും നൽകി സ്നേഹിക്കാൻ. ബത്ലഹേം മുതൽ കാൽവരി വരെ ശത്രുവിനേയും സ്നേഹിതനെയും ഒരുപോലെ കൂടെ കൂട്ടാൻ ആ പൂർണ്ണ മനുഷ്യനും ദൈവവുമായവൻ തയ്യാറായി. അവസാനം മരണത്തിനു ശേഷവും ആ ഹൃദയം തുറന്നു കൊടുത്തു. അതും അധിക വാശിയോടെ കുന്തം കൊണ്ട് കുത്തിയവന്. ദൈവാനുഗ്രഹത്തിന്റെ അളവുകോലായി സമൃദ്ധിയെയും, ശത്രുനിഗ്രഹം, കണ്ണിനു പകരം കണ്ണ് പല്ലിനു പകരം പല്ല് എന്നിങ്ങനെ കണ്ടിരുന്ന യഹൂദ ജനത്തിന് മുന്നിൽ ആണ് ഈശോ ശാന്തതയുടെയും എളിമയുടെയും ഹൃദയവുമായി ജീവിച്ചത്. അതുകൊണ്ടു തന്നെ ആകാം അവന്റ ഹൃദയത്തിനു ഇത്ര പ്രാധാന്യവും.

**വിമലഹൃദയം വഴി തിരുഹൃദയത്തിലേക്ക്**

ആരായിരിക്കും ഈ ക്രൂശിതന്റെ മരണത്തിൽ അടിപതറാതെ അടുത്ത് നടന്നത്? അതേ അത് പരിശുദ്ധ അമ്മ തന്നെ. പുത്രന്റെ ഓരോ ചുവടുകളും ആ അമ്മയുടെ ഹൃദയത്തിലേക്കുള്ള വാളായിരുന്നു. എങ്കിലും അമ്മക്ക് മൗനമായി മകനെ പിന്തുടരാൻ മാത്രമെ സാധിച്ചുള്ളൂ. മകന്റെ കൈകാലുകളിൽ തറച്ച ഓരോ ആണിയും തന്റെ ഹൃദയത്തിലേക്കവൾ സ്വീകരിച്ചു. എന്താണ് ഈ വിമലഹൃദയം കണ്ടെത്തിയ തിരുഹൃദയം? ഈ കാൽവരി യാത്ര അല്പം തുടങ്ങി കഴിഞ്ഞു. വല്ലാണ്ട് ഹൃദയമിടിപ്പ് കൂടുന്നു. അപ്പോൾ ആ അമ്മ അനുഭവിച്ച ഹൃദയതാളം എത്ര വേഗത്തിൽ ആകണം? സ്വന്തം മകൻ തകർന്ന പാദങ്ങളോടെ ഭാരമേറിയ കുരിശുമായി മുന്നോട്ട് നീങ്ങുന്നു. അവനു കുടിക്കുവാൻ ദാഹജലം പോലുമില്ല ഈ ഉൽബോധ്യം അമ്മയുടെ വേഗത കൂട്ടി കാൽവരിയോളവും അതിനു അപ്പുറവും ഈശോയെ പിന്തുടരാൻ കാലുകൾക്കതു ശക്തിയായി.അങ്ങനെ പുത്രന്റെ ഹൃദയത്തോട് ചേർന്ന് ആ അമ്മയുടെ ഹൃദയവും സഞ്ചരിച്ചു.

അമ്മയുടെ കണ്ണുകൾ ചുറ്റും പാഞ്ഞു. ഒരിക്കൽ ഈശോയെ ഒന്ന് കാണുവാൻ താൻ അനുവാദം ചോദിക്കേണ്ടി വന്ന ആ പ്രിയപ്പെട്ട ശിഷ്യന്മാർ എവിടെ? തിരക്കുകളിൽ തന്റെ മകന് കവചം ആയി നിന്നത് ഈ ശിഷ്യന്മാർ അല്ലായിരുന്നോ? ഇല്ല, ഇപ്പോൾ ആരെയും കാണാൻ ഇല്ല. അരുമയായ യോഹന്നാൻ മാത്രം ഉണ്ട്. എങ്കിലും എങ്ങും ആർക്കും അടി പതറിയില്ല കാരണം പുത്രന്റെ ഹൃദയ താളം പിതാവിന്റെ തിരുഹിതം ആയിരുന്നു. അമ്മയുടെ ഹൃദയതാളം മകന്റെ ദൗത്യ നിർവ്വഹണവും

**ക്രൂരമനസിനെ തൊട്ടുണർത്തിയ തിരുഹൃദയം**

കാൽവരിയിലേക്ക് നടന്നടുക്കുമ്പോൾ അവനു ഉള്ളിൽ തികഞ്ഞ വാശിയായിരുന്നു ഒപ്പം വലിയൊരു ദൗത്യം ചെയ്തു തീർക്കുന്നതിനുള്ള ആനന്ദവും. കൂടെ ഉള്ളവർ പാപിയായി മുദ്രകുത്തപ്പെട്ട രാജാവായ ഈശോയെ അടിക്കുമ്പോൾ ഒക്കെ അവനു ഒരേ ഒരു സങ്കടം മാത്രം ഇത് രണ്ടു കണ്ണും കൊണ്ട് കാണാൻ ആകുന്നില്ലല്ലോ.... അങ്ങനെ ആ യാത്ര കാൽവരിയിൽ. താൻ ഒറ്റക്കണ്ണൻ ആയതിന്റെ പേരിൽ തന്നെ ആണിതറക്കേണ്ടുന്ന ഉത്തരവാദിത്തത്തിൽ നിന്നും മാറ്റിനിർത്തപെട്ടു. അവസാനം കാൽവരിയിൽ അവൻ ഉയർത്തപ്പെട്ടപ്പോൾ എല്ലാം ആ ഒറ്റക്കണ്ണൻ അങ്ങനെ നിൽക്കുക ആണ്. ഇതിൽ വലിയ പങ്കുവഹിക്കാൻ പറ്റാത്തതിന്റെ സങ്കടത്തിൽ. അപ്പോളാണ് ചുറ്റുമുള്ള ശബ്ദങ്ങൾ അവൻ ശ്രദ്ധിച്ചത്. ഒരാൾ പറയുന്നു കൂടെ ഉള്ള രണ്ടു പേരും ഇപ്പോളും ജീവനോടെ ഇരിക്കുന്നു അപ്പോൾ ഇവൻ മാത്രം മരിച്ചു കാണുമോ? അടുത്തൊരാൾ അല്ല അവൻ മരിച്ചു. ഇതെല്ലാം കേട്ടു നിന്ന അവൻ കുന്തം കയ്യിലെടുത്തു. ഒറ്റക്കണ്ണൻ എന്ന് പരിഹസിച്ചവരോട് ഒരു മറുപടി ഒരു കൈ മുഷ്ടിയോളം മാത്രം വലുപ്പമുള്ള, സർവ്വ കവചങ്ങൾക്കും നടുവിൽ ഉള്ള ഈ ക്രൂശിതന്റെ ഹൃദയം കാണാൻ തന്റെ ഈ ഒറ്റക്കണ്ണ് മതി. സർവ്വ ശക്തിയുമെടുത്തു അവൻ ആ ക്രൂശിതന്റെ ഹൃദയത്തിൽ ആഞ്ഞു കുത്തി. രക്തത്താലും ജലത്താലും അവനെ പൂർണമായി കഴുകി ആ ക്രൂശിതൻ. അവൻ ഇനിയും ഒറ്റക്കണ്ണൻ അല്ല. മറ്റുള്ളവർക്കും കാഴ്ച്ച നൽകുവാൻ ഉള്ളവൻ ആണ്. ആ ഒറ്റക്കണ്ണന്റെ ഹൃദയം തുറക്കപ്പെട്ട ഹൃദയത്തോട് എന്തോക്കെയോ മന്ത്രിച്ചു. ഇടതുഭാഗത്തെ കള്ളന്റെ പിന്നാലെ അവനും ഏറ്റു പറഞ്ഞു കാണണം, നീ സത്യമായും ദൈവപുത്രൻ തന്നെ.

നാമും ജീവിതപാതയിൽ അല്പം ക്രൂരരായിട്ടുണ്ട്. ചിന്തയാലും വാക്കിനാലും പ്രവർത്തിയാലും സഹോദരനും ദൈവത്തിനും ഒരുപോലെ ക്രൂരർ ആകാറുണ്ട്. നമ്മുടെ പാപങ്ങൾ ആണ് അവനു മുൾകിരീടവും ആണികളും അതിലുപരി ഹൃദയത്തിൽ തറക്കുന്ന കുന്തവും എന്നറിഞ്ഞിട്ടും സ്വന്തം സുഖത്തിനായി തെറ്റു തിരുത്തുവാനോ പശ്ചാത്തപിക്കുവാനോ ശ്രമിക്കാത്തത്രയും ക്രൂരർ. എങ്കിലും അവന്റെ ഹൃദയത്തിൽ നിന്നൊഴുകിയ രക്തവും ജലവും നമുക്കായി മാത്രം ആയിരുന്നു.

നഷ്ടമാക്കിയതിനെ തേടി ഇറങ്ങാൻ ഉള്ള ആർജ്ജവത്വം ലഭിക്കണം എങ്കിൽ നഷ്ടമാക്കിയതിന്റെ വില തിരിച്ചറിയണം അവിടുത്തെ ഹൃദയത്തിൽ ആണ് നമ്മുടെ സ്ഥാനം എന്ന വില തിരിച്ചറിഞ്ഞു ഒരു മടക്കയാത്രയ്ക്ക് തയ്യാറാകാം.

**കരുണയുടെ ഉറവിടമായ തിരുഹൃദയം**

അവളുടെ ഓട്ടം എങ്ങോട്ടെന്ന് അവൾക്കു നിശ്ചയം ഉണ്ടായിരുന്നു. പാപിയെ സ്നേഹിക്കുന്നവൻ എന്നും പാപികളുടെ കൂട്ടുകാരൻ എന്നും അറിയപ്പെട്ട ഈശോയുടെ മുഖദർശനം ഒന്ന് ലഭിക്കുക മാത്രം മതി എനിക്ക്. അവൻ എന്നോട് കനിഞ്ഞാൽ കല്ലേറിൽ നിന്നും മരണത്തിൽ നിന്നും താൻ രക്ഷപെട്ടേക്കും. ഇടക്കെപ്പോളൊക്കേയൊ തട്ടി വീണപ്പോൾ അവൾ കണ്ടു തലേ ദിവസം ഒരു രാത്രി മുഴുവൻ തന്നെ നെഞ്ചിൽ ചേർത്ത് കിടത്തി ചൂട് തന്നവന്റെയും കയ്യിൽ വലിയ കല്ല്. സങ്കടം തോന്നി അവൾക്ക്. അവളുടെ കണ്ണുകൾ കരുണക്കായി തേങ്ങി. കരളലിയുന്ന കാഴ്ച്ച കാണാൻ പല സ്ത്രീകളും വഴിവക്കിൽ ഉണ്ട് സുഹൃത്തുക്കൾ സ്നേഹിതർ ഒക്കെ. എന്തോക്കെയോ ചിന്തകളാൽ ജീവന് വേണ്ടി ഉള്ള അവളുടെ ഓട്ടം കർത്താവിന്റെ മുൻപിൽ എത്തി. അവനെ പരീക്ഷിക്കുവാനായി പിന്നാലെ വന്നവർ ചോദ്യമുന്നയിച്ചു. പരസ്യപാപിയായ ഇവളെ എന്തുചെയ്യണം? ചോദ്യം അന്തരീക്ഷത്തിൽ മുഴങ്ങി എങ്കിലും അവന്റ കണ്ണുകൾ താഴ്ന്നു തന്നെ ഇരുന്നു. കാരണം അവരുടെ എല്ലാം ഹൃദയം വായിക്കാൻ അവനു സാധിച്ചിരുന്നു. ഒപ്പം അവരുടെ ഹൃദയത്തിന്റെ മാലിന്യത്തിന്റെ കാഠിന്യവും. നിലത്തെഴുതി കൊണ്ട് തന്നെ പാപിനിയെ ഒന്ന് നോക്കുക പോലും ചെയ്യാതെ അവൻ വിധി പ്രഖ്യാപിച്ചു. പാപം ഇല്ലാത്തവൻ ആദ്യം കല്ലെറിയട്ടെ. കരുണ തേടി വന്ന അവൾ ഗുരുവിനടുത്തെത്തി 'പാപം ചെയ്യാതിരിക്കുക'



അവന്റ ഹൃദയം അങ്ങനെ ആണ്. സ്വയം കുറ്റം മറച്ചു വെച്ച് അപരന്റെ കുറ്റത്തിനു ശിക്ഷ വിധിക്കാൻ ഒരുങ്ങിയവനോടും കുറ്റം സമ്മതിച്ചു ഏറ്റു പറഞ്ഞവനോടും കരുണ കാണിക്കാൻ മാത്രം വിശാലമായ തിരുഹൃദയം. ഇടക്കൊക്കെ കണ്ണീർ പൊഴിക്കണം നാം. സ്വന്തം പാപങ്ങൾ തിരിച്ചറിഞ്ഞിട്ടും അപരന്റെ കുറവുകൾക്കു പ്രാധാന്യം നൽകി പരസ്യമാക്കിയതോർത്തു. അവന്റ ഹൃദയത്തോട് അനുരൂപരാകാൻ നാം ഇനിയും വളരേണ്ടി ഇരിക്കുന്നു.

അവന്റ ഹൃദയം ഇന്നും തുറക്കപ്പെട്ടു കിടക്കുന്നു നിനക്ക് വേണ്ടി. തിരികെ വരാൻ തയ്യാറെങ്കിൽ നിന്റെ ഐശ്വര്യം പുനഃസ്ഥാപിക്കാൻ, വേദനിക്കുന്നവനെങ്കിൽ ആശ്വാസം ആയിരിക്കാൻ, നമുക്ക് അണയാം രക്തത്താലും ജലത്താലും നമ്മെ കഴുകി ശുദ്ധീകരിക്കുന്ന ആ തിരുഹൃദയത്തിനു മുൻപിൽ.

■

"വിശ്വസ്തതയോടെ ഒരുമിച്ച് നിൽക്കുക;
സ്നേഹം എല്ലാറ്റിനെയും കീഴ്പ്പെടുത്തുന്നു എന്ന് മറക്കാതിരിക്കുക"



പ്രവാചക ചരിത്രം

# വീട്ടിൽനിന്നകന്ന്



**അ**നാഥാലയത്തിലെ ജീവിതം, അവിടുത്തെ കടുത്ത അച്ചടക്കം മൂലം ബുദ്ധിമുട്ടുള്ളതായിരുന്നു. സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള കനത്ത അഭിവാഞ്ജ കാരണം രണ്ടുവട്ടം ജോസഫ് അവിടെ നിന്ന് ഓടി രക്ഷപ്പെടാൻ ശ്രമിച്ചിട്ടുണ്ട്. രണ്ടു സന്ദർഭത്തിലും സ്കൂൾ യൂണിഫോം തിരിച്ചറിഞ്ഞ് പോലീസാണ് അവനെ പിടിച്ചു വീണ്ടും അനാഥാലയത്തിൽ കൊണ്ടു വന്നതത്രെ. മൊത്തത്തിൽ സൽസ്വ ഭാവിയും മതതീക്ഷ്ണതയും ഉള്ള കുട്ടിയായിരുന്നു അവൻ. അനാഥാലയത്തിലെ ഒരു സിസ്റ്റർ അനുസ്മരിക്കുന്നു: മുകളിലെ നിലയിലാണ് കുട്ടികൾ ഉറങ്ങിയിരുന്നത്. പ്രത്യേക സമയങ്ങളിൽ നിശ്ശബ്ദത പാലിക്കാൻ അവർ നിർബ്ബന്ധിതരായിരുന്നു. അങ്ങിനെയുള്ള ഒരു അവസരത്തിൽ സംസാരിച്ചതിന് ജോസഫിനെ പിടികൂടി. പത്ത് മിനിറ്റ് കുളിമുറിയിൽ ചെന്ന് നിൽക്കണം എന്നതായിരുന്നു ശിക്ഷ. ജോസഫ് അനുസരിച്ചു. പത്തു മിനിറ്റ് കഴിഞ്ഞിട്ടും കുട്ടിയെ കാണാതായപ്പോൾ സിസ്റ്റർ അന്വേഷിച്ചു ചെന്നു. അവൻ അവിടെ മുട്ടു കുത്തിനിന്ന് പ്രാർത്ഥിക്കുന്നതാണ് കണ്ടത്. 1897-ൽ 11 വയസ്സുള്ളപ്പോൾ ജോസഫ് രണ്ടു കൂദാശകൾ സ്വീകരിച്ചു. ആദ്യകുർബ്ബാന സ്വീകരിച്ച് അന്ന് താനൊരു പുരോഹിതനായിത്തീരും എന്ന് അവൻ അമ്മയോടു പറഞ്ഞു. ആ വർഷം സെപ്തംബർ 24-നാണ് സ്ഥൈര്യലേപനം എന്ന കൂദാശ സ്വീകരിച്ചത്. അഞ്ചു കൊല്ലം ജോസഫ് അനാഥാലയത്തിൽ കഴിച്ചുകൂട്ടി. ഇതു വളരെ വലിയ കാലയളവാണെന്ന് കരുതാനാവില്ല. പക്ഷെ, ക്രൈസ്തവ വിദ്യാഭ്യാസം നേടാൻ അനുഭവിച്ച വലിയ

"അന്ധകാരത്തിലും രാത്രിയിലും ദൈവം എന്റെ കൂടെ ഉണ്ടായിരിക്കും;
കാരണം, ദൈവത്തിന്റെ സ്നേഹം എപ്പോഴും എന്നെ സംരക്ഷിക്കുന്നു"





സഹനം തന്നെയായിരുന്നു. ബാല്യകാലം ആ കുട്ടിയെ സംബന്ധിച്ച് ഒട്ടുമേ സന്തോഷ കരമായിരുന്നില്ല. പക്ഷേ നീണ്ട അറുപത് കൊല്ലത്തെ പൗരോഹിത്യജീവിതകാലത്ത് ആയിരക്കണക്കിന് ആളുകളെ സന്തോഷ ഭരിതരാക്കാൻ അദ്ദേഹത്തിന് കഴിഞ്ഞു വെന്നുള്ളതാണ് യാഥാർത്ഥ്യം.

പതിന്നാല് വയസ്സ് തികയുന്നതി നുമുമ്പ് കോബ്ലൻസിന് അടുത്തുള്ള ഏറൻബയിറ്റ്സ്റ്റെയിൻ എന്ന സ്ഥലത്തെ മൈനർ സെമിനാരിയിൽ വൈദിക വിദ്യാ ഭ്യാസത്തിനുവേണ്ടി ഫാ. സാവെൽസ് ജോസഫിനെ കൂട്ടിക്കൊണ്ടു പോയി. 1899 സെപ്തംബർ 23-ാം തീയതിയായിരുന്നു അത്. ആഫ്രിക്കയിലെ ജർമ്മൻ കോളനി ആയിരുന്ന കാമറൂണിലേക്ക് അയക്കാൻ മിഷനറി വൈദികരെ പരിശീലിപ്പിച്ചിരുന്നത് അവിടെയാണ്. 1893 മുതൽ ഈ മൈനർ സെമിനാരി പ്രവർത്തനമാരംഭിച്ചിരുന്നു.

1899-1900-ലെ ശീതകാല സെമസ്റ്റർ പരീക്ഷയ്ക്ക് അവിടെ ചേരാൻ കുറച്ചു ദിവസം വൈകിയാണ് ജോസഫ് ചെന്ന തെങ്കിലും പഠനരീതികളുമായി പൊരു ത്തപ്പെട്ടുപോകാൻ കഴിഞ്ഞു. നല്ലപോലെ അദ്ധ്വാനിച്ച് പഠിക്കുന്ന കുട്ടിയായിരുന്നു അവൻ. അധ്യാപകനായിരുന്ന ഫാ. ജോൺ മേയറുമായി അടുത്ത സമ്പർക്കം പുലർത്തി യിരുന്ന ആ വൈദിക വിദ്യാർത്ഥി, അക്കൊല്ലം ക്രിസ്മസിന് 55 വരിയുള്ള ഒരു കവിത എഴുതി അദ്ദേഹത്തെ ഏൽപ്പിച്ചു.

ബുദ്ധിമാന്റെ ദാനം എന്നായിരുന്നു ശീർഷകം. കവിതയോടൊന്നിച്ച് ഒരു സമർപ്പണക്കുറിപ്പും എഴുതി. അതിലിങ്ങനെ രേഖപ്പെടുത്തിയിരുന്നു: ഞാൻ ഇവിടെ കഴിച്ചു കൂട്ടിയ ഈ ചുരുങ്ങിയ കാല ത്തിനുള്ളിൽ അങ്ങ് എന്റെ നേരെ കാണിച്ച സ്നേഹത്തിനും എന്റെ ജീവിത സാഹ ചര്യങ്ങളിൽ എനിക്ക് നൽകിയ സമാ ശ്വാസത്തിനും ആത്മാർത്ഥമായി നന്ദി പറയുന്നു. ദൈവം അങ്ങേക്ക് പ്രതിഫലം നൽകട്ടെ. എന്റെ അനുദിന പ്രാർത്ഥ നകളിൽ ഞാൻ അങ്ങയെ സ്മരിക്കുന്നുണ്ട്. നല്ല വഴികളിൽക്കൂടി സഞ്ചരിക്കുന്നതിന് ഞങ്ങൾക്ക് അങ്ങ് നൽകിയ ശക്തി യെപ്പ റ്റിയും സ്മരിക്കുന്നുണ്ട്. ഒരിക്കൽക്കൂടി നന്ദി പറഞ്ഞുകൊണ്ട് അങ്ങയുടെ സ്നേഹമുള്ള വിദ്യാർത്ഥി, ജോസഫ് കെന്റണിക്ക്.

■



# ചിരിക്കാൻ ചിന്തിക്കാൻ



**ജോർജ്ജൂട്ടിയുടെ** ഏറ്റവും വലിയ സങ്കടം എല്ലാ ദിവസവും രാവിലെ പള്ളിയിൽ പോകുക എന്നതായിരുന്നു. രാവിലെ 6.30 ന്റെ വി. കുർബ്ബാനയ്ക്കുപോകുവാൻ 5.30 മണിക്ക് അവനെ മാതാപിതാക്കൾ എഴുന്നേല്പ്പിക്കും. മഴയായാലും, തണുപ്പായാലും യാതൊരു വീട്ടുവീഴ്ച്ചയ്ക്കും തയ്യാറാകാത്ത മാതാപിതാക്കളായിരുന്നു ജോർജ്ജൂട്ടിയുടേത്. കൂട്ടുകാരെല്ലാം പുതച്ചുമൂടി കിടന്നുറങ്ങുന്ന സമയത്ത് ജോർജ്ജൂട്ടിക്ക് ഒരു കിലോമീറ്ററോളം നടന്നുവേണം പള്ളിയിൽ എത്താൻ.

കോവിഡ്19 എന്ന കൊറോണ വൈറസിന്റെ വരവോടെ ജോർജ്ജൂട്ടിയുടെ സങ്കടം തെല്ലൊന്നു ശമിച്ചു. ഇനി പള്ളിയിൽ പോകേണ്ട, പള്ളിയിൽ പോകാൻ മാതാപിതാക്കൾ നിർബന്ധിക്കുകയുമില്ല. കൂട്ടുകാരെപ്പോലെ തനിക്കും സുഖനിദ്ര. അവൻ സന്തോഷം കൊണ്ട് തുള്ളിച്ചാടി. 'കൊറോണ' വിട്ടുമാറാതെ ഇനി അദ്ധ്യയനവർഷം ആരംഭിക്കില്ല. ഇതെല്ലാം ഓർത്ത് അവൻ ചൈനാക്കാർക്ക് സ്തുതി പാടി.

ദിവസങ്ങൾ കടന്നുപോയി. ഊണും ഉറക്കവും ടി.വി കാണലുമായി അവൻ ആഘോഷിച്ചു നടന്നു. പെട്ടെന്ന് തൊട്ടയൽപ്പക്കത്തെ വീട്ടിൽ കൊറോണയെത്തി. എല്ലാവരും ഭീതിയിലായി. കടകളെല്ലാം അടഞ്ഞു. ഭക്ഷണസാധനങ്ങളെല്ലാം കഴിഞ്ഞു തുടങ്ങി. ആരും പുറത്തിറങ്ങാതെയായി. ചൈനക്കാരെ സ്തുതിച്ച ജോർജ്ജൂട്ടി അവരെ പഴിച്ചു. കാരണം ചൈനയിൽ നിന്നാണല്ലോ വൈറസിന്റെ തുടക്കം. അങ്ങനെയിരിക്കെ ജോർജ്ജൂട്ടിക്ക് തൊണ്ടവേദനയും പനിയും തുടങ്ങി. ഇതോടെ ജോർജ്ജൂട്ടി പ്രാർത്ഥന തുടങ്ങി. സങ്കീർത്തനം 91 തുടരെ തുടരെ വായിച്ചു. ഓൺലൈൻ കുർബ്ബാനയിൽ മുടങ്ങാതെ പങ്കുചേർന്നു. എല്ലാ സമയവും അവന്റെ നാവിൽ നിന്നും ദൈവസ്തുതി ഉയർന്നു. ആരാധനാലയത്തിൽ പോകുന്നതിൽ സങ്കടപ്പെട്ട ജോർജ്ജൂട്ടിക്ക് ഇപ്പോൾ എങ്ങനെയെങ്കിലും ആരാധനാലയങ്ങൾ തുറന്നാൽ മതിയെന്നായി. അവധിക്കാല സുഖങ്ങളെല്ലാം അവൻ ഉപേക്ഷിച്ചു. പ്രാർത്ഥനകൊണ്ട് കൊറോണയെ ഈ ലോകത്തുനിന്നും തുരത്തുന്നതിന്റെ തിരക്കിലാണ് ഇപ്പോൾ അവൻ

നമുക്കൊന്നു കാതോർക്കാം
'കർത്താവിന്റെ രക്ഷയ്ക്കായി
ശാന്തമായി കാത്തിരിക്കുവിൻ'

■

**JK**

"എന്തുകൊണ്ട് കുരിശുകളും സഹനങ്ങളും തരുന്നതെന്ന് ചിന്തിക്കാതെ
എന്തിനുവേണ്ടിയാണ് അവ എന്ന് ചോദിക്കുക"








# മാറ്റം

മലനിരകൾ നിറഞ്ഞ ഒരു ഗ്രാമം ! ആ മലനിരകളുടെ മധ്യത്തിൽ ഏറ്റവും ഉയരത്തിൽ നില്ക്കുന്ന പാറക്കെട്ടുകൾക്ക് ഒരു മനുഷ്യരൂപമാണ് ഉള്ളത്. എന്നാൽ അതിന് ഒരു മുഖമുണ്ടായിരുന്നില്ല. മനുഷ്യരൂപമുള്ള ഈ പാറക്കെട്ടിനെക്കുറിച്ച് ഒരു ഐതിഹ്യവും ആ ഗ്രാമത്തിൽ നിലനിന്നിരുന്നു. അത് ഇപ്രകാരമായിരുന്നു. ഒരിക്കൽ ഒരാൾ വരും, അയാൾ ആ പാറക്കെട്ടിൽ കാണുന്ന മനുഷ്യരൂപത്തിന് മുഖം നല്കും. ആ ഗ്രാമത്തിൽതന്നെ ജനിച്ചുവളർന്ന ഒരു ബാലനും ഗ്രാമീണരിൽ നിലനിന്നിരുന്ന ഈ വിശ്വാസത്തെക്കുറിച്ച് കേട്ടു. അവൻ എപ്പോഴും ആ മലനിരകളെ ദീർഘനേരം നോക്കിയിരിക്കുകയും മിഴിപ്പൂട്ടി ധ്യാനിക്കുകയുമെല്ലാം ചെയ്യുമായിരുന്നു. ഗ്രാമീണരുമായുള്ള അവന്റെ കുശലാന്വേഷണത്തിൽ നിറഞ്ഞുനിന്നിരുന്ന ഒരു കാര്യം പാറക്കെട്ടിൽ കാണുന്ന മനുഷ്യരൂപത്തെകുറിച്ചായിരുന്നു. ഗ്രാമീണരുടെ മനസ്സിൽ പതിഞ്ഞിരിക്കുന്ന ആ മനുഷ്യരൂപത്തിന്റെ മുഖം എങ്ങനെയുള്ളതാണ് എന്നതായിരുന്നു അവന് അറിയേണ്ടിരുന്നത്. പലവട്ടം പലരോടും ചോദിച്ചതിൽ നിന്നും അവന് ഉത്തരം കിട്ടി. ദയയും വാത്സല്യവും ക്ഷമയും എളിമയുമുള്ള സൗമ്യ-സുന്ദരമുഖമാണ് പാറക്കെട്ടുകളിലെ മനുഷ്യരൂപത്തിന്റെ മുഖത്തിനുള്ളത്. നാളുകൾ വർഷങ്ങളായി വിടർന്നുകൊഴിയുന്നതിനിടയിൽ ബാലൻ യുവാവായി വളർന്നുകൊണ്ടിരുന്നു. ആ നാളുകളിൽ ഗ്രാമവീഥിയിലൂടെ നടന്നുപോകുന്ന ആ യുവാവിനെ നോക്കി മുതിർന്നവരും വൃദ്ധന്മാരുമെല്ലാം കുട്ടികളോട് പറഞ്ഞുതുടങ്ങി - ഇതാണ് ഞങ്ങൾ സ്വപ്നം കാണുന്ന പാറക്കെട്ടിലെ മനുഷ്യരൂപത്തിന്റെ മുഖം - എളിമയും വിനയവും കാരുണ്യവും വാത്സല്യവുമെല്ലാം ഒത്തിണങ്ങിയ സൗമ്യ-സുന്ദരമുഖം!

പ്രിയ കൂട്ടുകാരേ, നാം എന്താകാൻ ആഗ്രഹിക്കുന്നുവോ, അതിനെക്കുറിച്ച് നാം സ്വാഭാവികമായും അന്വേഷിച്ചുകൊണ്ടിരിക്കും. കൂടുതൽ അന്വേഷണങ്ങൾ അറിവിലേക്കും അറിവ് സ്വജീവിതാനുഭവത്തിലേക്കും പകർത്തി തുടങ്ങുമ്പോൾ നാം പോലും അറിയാതെ, നാം എന്താഗ്രഹിച്ചുവോ അതായിത്തീരുന്നു. നന്മ നിറഞ്ഞവരാകാൻ നമുക്ക് ആഗ്രഹിക്കാം - നാം അങ്ങനെ നന്മനിറഞ്ഞവരായി മാറും.

**നിങ്ങളുടെ ദോസ്ത്.** ■

ഹൃദയമൊഴി



# അപരനിലേക്കുള്ള ദൂരം

ഡോ. ജോയ് പുതുശ്ശേരി ISch

**ഓ**രോ പുതിയ ദിനവും മനോഹരമാക്കുന്ന മുഹൂർത്തങ്ങളാണ് പുലരിയും സന്ധ്യയും. ഉദയ സൂര്യന്റെ വർണ്ണ പ്രഭയാൽ മനോഹരമാണ് ഓരോ പുലരിയും. അസ്തമയസൂര്യന്റെ ചുമപ്പി നാൽ ചേതോഹരമാണ് ഓരോ സന്ധ്യയും. അപരന്റെ ജീവിതത്തിലെ പുലരിയുടെയും സന്ധ്യയുടെയും മനോഹാരിത ഒരു പരിധി വരെ നമ്മുടെ കൈകളിലാണ്. ഓരോ പ്രതിസന്ധിഘട്ടങ്ങളിലൂടെ ഈ ലോകം കടന്നുപോകുമ്പോൾ ചില മനുഷ്യരുടെ അനിതരസാധാരണത്വത്തെ നാം അനുഭവി ക്കാറുണ്ട് ഹൃദയത്തിന്റെ നെരിപ്പോടിൽ സുകൃ തങ്ങളുടെ എണ്ണയൊഴിച്ച് പ്രതിസന്ധികളെ അഭിമുഖീകരിക്കുന്നവരുടെ ഒപ്പം നിലകൊള്ളു ന്നവർ. അവരിൽ ഒരാളായിത്തീർന്നുകൊണ്ട് നിസ്വാർത്ഥതയിൽ അപരനിലേക്ക് ദൂരം തീരെ ഇല്ല എന്ന് നിശ്ശബ്ദമായി വിളിച്ചോതുന്ന വ്യക്തിത്വങ്ങൾ. എന്തുകൊണ്ടാണ് അവരുടെ ജീവിതം ഒരു അത്ഭുതമായി മറ്റുള്ളവർക്ക് തോന്നുന്നത്, ഒരത്ഭുതമായി അവർ മാറുന്നത് ? രണ്ട് തരത്തിലുള്ള അത്ഭുതങ്ങളെക്കുറിച്ച് ആന്റണി ഡിമെല്ലോ പറയുന്നുണ്ട്. മനുഷ്യൻ ആഗ്രഹിക്കുന്നത് ദൈവം സാധിച്ചുകൊടു ക്കുന്നത് ഒന്നാമത്തെ ഗണത്തിൽപ്പെടുന്ന അത്ഭുതം. ദൈവം ആഗ്രഹിക്കുന്നതുപോലെ മനുഷ്യൻ ചെയ്യുകയും ജീവിക്കുകയും ചെയ്യുന്നത് രണ്ടാമത്തെ വിഭാഗത്തിൽപ്പെടുന്ന അത്ഭുതം. ഈ രണ്ടാമത്തെ തരത്തിൽപ്പെടുന്ന മനുഷ്യരാണ് മറ്റുള്ളവരുടെ ജീവിതത്തിൽ, സമൂഹത്തിൽ മാറ്റങ്ങൾ വരുത്തുന്നത്. നമ്മുടെ സാന്നിദ്ധ്യവും സാമീപ്യവും, വാക്കുകളും, പ്രവർത്തനങ്ങളും എന്റേയും നിന്റെയും ലോകങ്ങൾക്കപ്പുറമുള്ള നമ്മുടെ ലോകത്തെ കാണാൻ സാധിക്കണം. നമ്മുടെ ലോകത്തിൽ നിന്നും അപരനിലേക്കുള്ള ദൂരം കുറ യണമെങ്കിൽ നമ്മുടെ ചിന്താതലത്തിലുള്ള മാറ്റം ആവശ്യമാണ്. നമ്മുടെ ചിന്താരീതിയിൽ വ്യത്യാസം വരുമ്പോഴാണ് നമ്മുടെ ജീവിത ത്തിൽ മാറ്റം ഉണ്ടാകുന്നത്. അപ്പോൾ അത് മറ്റുള്ളവർക്ക് അത്ഭുതമായി തോന്നും. സ്വാർത്ഥതയില്ലാത്ത ജീവിതം എപ്പോഴും ഒരു അത്ഭുതമാണ്. ഒരിക്കൽ രണ്ട് സുഹൃത്തുക്കൾ ഒരു വഞ്ചിയിൽ യാത്ര ചെയ്യുകയായിരുന്നു. യാത്രാമദ്ധ്യേ അവർ വാക്കുതർക്കത്തിൽ ഏർപ്പെട്ടു. സുഹൃത്തിനോടുള്ള ദേഷ്യം തീർക്കാൻ താനിരുന്ന വഞ്ചിയുടെ ഭാഗത്ത് ഒരു ദ്വാരമുണ്ടാക്കാൻ ഒരു സുഹൃത്ത് തുടങ്ങി.



"ദൈവമേ ഞാൻ ദുർബലനും നിസ്സാരനുമായതിനാൽ എന്നെ കരുണയുടെ അത്ഭുതമാക്കിമാറ്റണമേ"



അപ്പോൾ മറുഭാഗത്തിരുന്ന സുഹൃത്ത് പറഞ്ഞു, നീ അങ്ങനെ ചെയ്താൽ വഞ്ചിയിൽ വെള്ളം കയറി നമ്മൾ രണ്ടുപേരും മരിക്കും. അപ്പോൾ ആ സുഹൃത്ത് കൊടുത്ത ഉത്തരം ചിന്തനീയമാണ്: ഞാൻ എന്റെ ഭാഗത്തല്ലേ ദ്വാരമുണ്ടാക്കുന്നത്, അതിൽ നീ ഇടപെടേണ്ട. എന്റെ ലോകം അപരന്റെ ലോകവുമായി ബന്ധപ്പെട്ടതാണെന്ന തിരിച്ചറിവ് ഇല്ലാതെ പോകുമ്പോൾ അപരനിലേക്കുള്ള ദൂരം കൂടുന്നു. ആരെയാണ് ഏറ്റവും കൂടുതൽ സ്നേഹിക്കുന്നതെന്ന അദ്ധ്യാപകന്റെ ചോദ്യത്തിന് എന്നെത്തന്നെ എന്ന് ഉത്തരം പറഞ്ഞ കുട്ടിയോട് എന്തുകൊണ്ടാണ് അങ്ങനെ ഉത്തരം പറഞ്ഞതെന്ന് അദ്ധ്യാപകൻ ചോദിച്ചു. എന്നെത്തന്നെ സ്നേഹിച്ച് എനിക്ക് മതിയാകുന്നില്ല. അപ്പോൾ എങ്ങനെയാണ് മറ്റുള്ളവരെ ഞാൻ സ്നേഹിക്കുന്നത് എന്നായിരുന്നു ഉത്തരം. സ്വാർത്ഥത മുഖമുദ്രയാക്കിയ ഒരു തലമുറയിലാണ് നാം ജീവിക്കുന്നത്. ആഗ്രഹിക്കുന്നതും ആഗ്രഹിക്കുന്നവരേയും സ്വന്തമാക്കാൻ ഏതറ്റം വരെയും പോകാൻ മടിയില്ലാത്ത ഒരു തലമുറ. എല്ലാം എന്റേത് മാത്രം, എല്ലാം എനിക്ക് മാത്രം എന്ന് ചിന്തിക്കുന്ന മനുഷ്യരാണ് അധികവും. അപരന്റെ ലോകം





എന്റെ കൂടി ലോകമായി മാറുമ്പോൾ, എന്റെ ലോകത്തുനിന്നും നമ്മുടെ ലോകത്തിലേക്കുള്ള വാതിലുകൾ തുറക്കുന്നു. പ്രപഞ്ചം പോലും നമ്മെ പഠിപ്പിക്കുന്ന ഒരു സത്യമുണ്ട്, എല്ലാം എല്ലാവർക്കും വേണ്ടിയാണെന്ന്. സൂര്യശോഭ സൂര്യനു മാത്രമായിരുന്നെങ്കിൽ നമ്മളാരും ഉണ്ടാകുമായിരുന്നില്ല. അത് എനിക്കും നിനക്കും സംലഭ്യമാ കുമ്പോൾ നമുക്ക് അത് ഉപകരിക്കുന്നു. നിനക്കായ് മാത്രം, എനിക്കായ് മാത്രം സൂര്യകിരണം ഉദിക്കുന്നില്ല - നമുക്കായ് തെളിയുന്നു സൂര്യൻ. പ്രകൃതി നമ്മുടെ നേരെ തന്റെ ചൂണ്ടുവിരൽ ചൂണ്ടി നമ്മെ നോക്കി വിധിക്കാതിരിക്കാൻ, പ്രകൃതിയുടെ നിസ്വാർത്ഥതയിൽ നിന്ന് നാം പഠിക്കണം. അപരനിലേക്കുള്ള ദൂരം കുറയുമ്പോൾ നമ്മുടെ ബന്ധങ്ങൾക്ക് മഴവില്ലിന്റെ ചാരുത കൈവരും. അവിടെ ജന്മംകൊള്ളും അപരനും ഞാനും ഒരു കുടക്കീഴിലാണെന്ന ബോദ്ധ്യം. ■

# വാർത്താജാലകം

❖ **സ്നേഹഉടമ്പടി**

സാൾട്ടിന്റെ നേതൃത്വത്തിൽ ഷേൺസ്റ്റാട്ട് അക്കാദമിയിലെ +2, ഡിഗ്രിയിലുള്ള 9 കുട്ടികൾ ഷേൺസ്റ്റാട്ട് രാജ്ഞിയായ പരി. അമ്മയുമായുള്ള സ്നേഹ ഉടമ്പടി നടത്തി പരി. അമ്മയെ തന്റെ ജീവിതത്തിലെ അമ്മയും രാജ്ഞിയുമായി സ്വീകരിച്ചു.

❖ **സ്നേഹഉടമ്പടി ഒരുക്കം – ഓൺലൈൻ**

ഷേൺസ്റ്റാട്ടു രാജ്ഞിയുമായി സ്നേഹഉടമ്പടി നടത്താനുള്ള സാൾട്ടിലെ കുട്ടികൾക്കുള്ള ഓൺലൈൻ ക്ലാസ്സുകൾ ഏപ്രിൽ മാസം തുടങ്ങി. പതിനാറോളം കുട്ടികൾ മാതാവുമായുള്ള സ്നേഹഉടമ്പടിക്കായി ഒരുങ്ങുന്നു.

❖ **വണക്കമാസ ആചരണം**

മാതാവിന്റെ മാസമായ മെയ് മാസം ഒന്നാം തീയതി മുതൽ വണക്കമാസാചരണത്തിന്റെ ഭാഗമായി സാൾട്ടിലെ ഷേൺസ്റ്റാട്ട് യൂത്ത് ഒരു വീഡിയോ തയ്യാറാക്കി. ഏകദേശം 32 കുട്ടികൾ ഓരോ ദിവസവും മാതാവിനെക്കുറിച്ചുള്ള ഓരോ ചിന്തകൾ Schoenstatt Media എന്ന യുട്യൂബ് ചാനലിൽ സംപ്രേഷണം ചെയ്തു.

❖ **കിരീടം അണിയിക്കൽ**

ആഗോളതലത്തിൽ ഷേൺസ്റ്റാട്ട് രാജ്ഞിയെ ആരോഗ്യമാതാവായി കിരീടമണിയിച്ച മെയ് 31–ന് സാൾട്ടിലെ കുട്ടികൾ കുറ്റൂർ സീയോൺ സെന്ററിലെ പരി. അമ്മയെ കിരീടമണിയിച്ചു.

❖ **ജർമ്മനിയിലെ ലിംബുർഗ് രൂപതയുടെ വൈദിക സമിതിയിലേക്ക് നിയമിതനായി:**

ഷേൺസ്റ്റാട്ട് വൈദിക സമൂഹാംഗമായ ഫാ. ഷാജൻ മാണികൃത്താൻ ലിംബുർഗ് (Limburg) രൂപതയുടെ വൈദികസമിതിയിലേക്ക് പ്രസ്തുത രൂപതാമെത്രാനും ജർമ്മൻ മെത്രാൻ സമിതിയുടെ പ്രസിഡന്റുമായ അഭിവന്ദ്യ മാർ ജോർജ്ജ് ബെറ്റ്സിംഗ് (George Baetzing) പിതാവിനാൽ നിയമിതനായി. ഇതോടൊപ്പംതന്നെ, വൈദികരുടേയും അത്മായ–അജപാലകരുടെയും നിയമനങ്ങൾ, രൂപതാ അജപാലനം എന്നീ കാര്യങ്ങളിൽ രൂപതാഭരണനിർവ്വഹണസമിതിക്ക് നിർദ്ദേശങ്ങൾ സമർപ്പിക്കുന്ന ആലോചനസമിതിയിലേക്കും നിയമിതനായ ഫാ. ഷാജൻ മാണികൃത്താൻ ലിംബുർഗ് രൂപതയിലെ ഫ്രാൻങ്ക്ഫുർട്ടിൽ (Frankfurt) ഇടവക വൈദികനായി സേവനം ചെയ്യുന്നു. ഷാജനച്ചന് അഭിനന്ദനങ്ങളും പ്രാർത്ഥനാശംസകളും നേരുന്നു.

❖ **SLA - Schoenstatt Language Academy**

ജർമ്മൻ ഭാഷാപഠനം B2 പൂർത്തിയാക്കിയതിനുശേഷം ജർമ്മനിയിൽ സ്കോളർഷിപ്പോടുകൂടി നേഴ്സിംഗ് പഠിക്കുവാൻ SLA അവസരം ഒരുക്കുന്നു. ഓൺലൈൻ ജർമ്മൻ കോഴ്സിനെക്കുറിച്ച് കൂടുതൽ അറിയുവാൻ: ഫാ. ജോൺസൻ പന്തപ്പിള്ളിൽ (ISch) 9447824812, ഫാ. പ്രെയ്സ് ഓവുങ്കമാലിൽ (ISch) 9048329248

www.schoenstatt-fathers.in/german-course

●

“ഓരോ തുള്ളി വെള്ളമിറക്കുമ്പോഴും കോഴി അതിന്റെ കൊക്ക് മുകളിലേയ്ക്ക് ഉയർത്തുന്നതുപോലെ നമ്മളും എല്ലാ കാര്യങ്ങളിലും ദൈവത്തിലേയ്ക്കു നോക്കുക”




" Love Each Other
As I have Loved You. "
നവ വൈദികൻ
ആൽവിൻ ഞെഴുങ്ങന്
അഭിനന്ദനങ്ങൾ!!

# ഷേൺസ്റ്റാട്ട്

## വൈദിക സമൂഹത്തിലേക്ക്

## സ്വാഗതം





പരി. അമ്മയുമായുള്ള സ്നേഹ ഉടമ്പടിയിലൂടെ ജീവിത ത്തിന് ഒരു പുത്തൻശൈലി നൽകിക്കൊണ്ട് നവലോകസൃഷ്ടിക്കായ്, വിശ്വസ്തതയോടും വിശുദ്ധിയോടും, ദൈവത്തിനും ദൈവജനത്തിനുമായി സ്വയം സമർപ്പിച്ച് വൈദികരാകാൻ ആഗ്രഹിക്കുന്ന SSLC യോ, +2 വോ, ഉപരിവിദ്യാഭ്യാസമോ ഉള്ള യുവാക്കൾക്ക് ഷേൺസ്റ്റാട്ട് വൈദിക സമൂഹത്തിന്റെ കേരളത്തിലെ പ്രൊവിഡൻസ് റീജിയണിലേക്ക് ഹൃദ്യമായ സ്വാഗതം.


**Vocation Promoter**
**Mary Matha Schoenstatt Bhavan**
**Aloor P.O., Anathadam**
**Thrissur - 680 683**
**Mob: 7025819021, 8281640094, 9745594117**




" ജ്വലിക്കുന്ന നാളമായി നമുക്ക് എരിയാം
സസന്തോഷം ജനതകളിലേക്കിറങ്ങാം
രക്ഷാകര ദൗത്യത്തിന് സാക്ഷികളാകാം
എല്ലാവരേയും സഹർഷം
ത്രിത്വൈക ദൈവത്തിങ്കലേയ്ക്ക് നയിക്കാം..."

ദൈവദാസൻ ഫാ. ജോസഫ് കെന്റണിക്ക്


Published by: Schoenstatt Fathers, Sion Centre Kuttur P.O. Thrissur - 680 013, Printed at Santhibhavan ✆ 0487 2428601